# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഷൊർണ്ണൂര് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD.22/1659/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഷൊർണ്ണൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2) ഡയറക്ടർ,നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നമ്പർ: KSA-PKD.22/1659/22 തീയ്യതി: 30/07/2022

## പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂര് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 17-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 27-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-07-2022 | 27-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സന്തോഷ്.സി.എസ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.സുജാത.പി,ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (25-7-2022 വരെ)
ശ്രീമതി.അനില.സി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സരിത.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.താരിഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷഹീർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ(26-7-22 മുതൽ 27-7-22 വരെ)

ശ്രീ.ജിജീഷ്.എ.കെ, ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.വിമല.വി | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 29-12-2020 |
| ശ്രീ.എം.കെ.ജയപ്രകാശ് | ചെയർമാൻ | 30-12-2020 | 31-03-2021 |
| ശ്രീ.പ്രമോദ് കുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സി.എൻ അഹമ്മദ് സജീർ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ലീന. എം.എൽ | സീനിയർ വെറ്ററിനറി സർജ്ജൻ | 01-04-2020 | 01-06-2020 |
| ഡോ.രാജേഷ് | സീനിയർ വെറ്ററിനറി സർജ്ജൻ | 02-06-2020 | 31-03-2021 |
| ശ്രീ. മനോജ് കുമാർ. എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അശ്വതി പുരുഷോത്തമം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ്. പി | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.മീര.എ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 25-05-2020 |
| | | 04-11-2020 | 06-11-2020 |
| | | 13-01-2021 | 31-03-2021 |
| ശ്രീമതി.ബിന്ദു.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-05-2020 | 03-11-2020 |
| ശ്രീമതി.ഷഹാന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-11-2020 | 12-01-2021 |
| ശ്രീ.സന്തോഷ് കുമാർ.എ.എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 03-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ലൈഷ ഇ അശോകൻ | മുനിസിപ്പൽ എഞ്ചിനീയർ | 04-07-2020 | 17-02-2021 |
| ശ്രീ.ആഷിഫ്.എം.എ | മുനിസിപ്പൽ എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ശ്രീ.ഗോപകുമാർ.സി | ഹെൽത്ത് ഓഫീസർ (ഇൻചാർജ്ജ്) | 01-04-2020 | 28-07-2020 |
| ശ്രീ.സ്വാമിനാഥൻ.എം. | ഹെൽത്ത് ഓഫീസർ (ഇൻചാർജ്ജ്) | 29-07-2020 | 16-08-2020 |
| ശ്രീ.സുരേഷ്ബാബു.പി.പി | ഹെൽത്ത് ഓഫീസർ | 17-08-2020 | 31-03-2021 |
| ശ്രീ.സ്വാമിനാഥൻ.എം. | സി.ഡി.എസ് മെമ്പർ സെക്രട്ടറി | 01-04-2020 | 18-08-2020 |
| ശ്രീമതി.സുചിത്ര.എസ് | സി.ഡി.എസ് മെമ്പർ സെക്രട്ടറി | 19-08-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: GOKUL C.M. (Auditor, On 20-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കലും നിയമവ്യവസ്ഥകളുടെ പാലനവും വിലയിരുത്തൽ<br>Written By: GOKUL C.M. (Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-2 |
| 4 | വാർഷിക കണക്കുകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ സമർപ്പിച്ചില്ല<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-2-1 |
| 5 | വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: GOKUL C.M. (Auditor, On 28-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-2-2 |
| 6 | സാമ്പത്തിക വിശകലനം<br>Written By: C.S.Anila (Senior Grade Auditor, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി-AUEGS<br>Written By: M.S.Tharick (Senior Grade Auditor, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 21-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: GOKUL C.M. (Auditor, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-10 |
| 14 | നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ അനിവാര്യ നടപടികൾ ഉണ്ടാകുന്നില്ല<br>Written By: C.S.Santhosh (Audit Officer, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-11 |
| 15 | ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതിൽ കാലതാമസം<br>Written By: GOKUL C.M. (Auditor, On 26-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-12 |
| 16 | തൊഴിൽ നികുതി പിരിവിൽ പോരായ്മകൾ നിലനിൽക്കുന്നു<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-13 |

| | | |
|---|---|---|
| 17 | ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-13-1 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-13-2 |
| 19 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-13-3 |
| 20 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 26-07-2022) | 1-13-4 |
| 21 | റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-13-5 |
| 22 | അഭിഭാഷകരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-13-6 |
| 23 | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-13-7 |
| 24 | അനധികൃത നിർമ്മാണങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 26-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-14 |
| 25 | വാടക ഈടാക്കൽ കാര്യക്ഷമമല്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-15 |
| 26 | നിയമാനുസൃത ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-15-1 |
| 27 | ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-15-2 |
| 28 | സംവരണ തത്വം പാലിച്ചിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-15-3 |
| 29 | വാടക കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 27-07-2022) | 1-15-4 |
| 30 | വാടക-രജിസ്റ്റർ പ്രകാരമുള്ള വരവ്, കുടിശ്ശിക വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-15-5 |
| 31 | വസ്തു നികുതി പിരിവ്- കാര്യക്ഷമമാകേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-16 |
| 32 | വസ്തു നികുതി-27,36,458/-രൂപ കുടിശ്ശിക<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-16-1 |
| 33 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-16-2 |

| | | |
|---|---|---|
| 34 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-16-3 |
| 35 | MSME കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തിയില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-16-4 |
| 36 | വിനോദ നികുതി- ജി എസ് ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-17 |
| 37 | ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-18 |
| 38 | ഭേദതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-18-1 |
| 39 | ലൈസൻസ് ഫീ -കുടിശ്ശിക തുക ഈടാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 27-07-2022) | 1-18-2 |
| 40 | MSME സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 27-07-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 27-07-2022) | 1-18-3 |
| 41 | പൊതുടാപ്പുകളുടെ വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Saritha P (Senior Grade Auditor, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-19 |
| 42 | നഗരസഭയുടെ പെൻഷൻ ഫണ്ട് സൂക്ഷിപ്പ്<br>Written By: Saritha P (Senior Grade Auditor, On 28-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-20 |
| 43 | സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം, ഡാറ്റാബേസ് സൂക്ഷിപ്പ്- കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Saritha P (Senior Grade Auditor, On 28-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-21 |
| 44 | നെൽകൃഷിക്ക് ഉഴവുകൂലി - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കിയില്ല<br>Written By: C.S.Anila (Senior Grade Auditor, On 28-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-22 |
| 45 | എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 28-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-23 |
| 46 | ജനകീയ ഹോട്ടൽ - റിവോൾവിംഗ് ഫണ്ട് നൽകിയത് - കരാർ ചമച്ചിട്ടില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-24 |
| 47 | എസ്.സി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-25 |
| 48 | വൃദ്ധർക്ക് കട്ടിൽ വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022) | 1-26 |

| | | |
|---|---|---|
| | Last Updated By: Haseena KU (Computer Assistant, On 30-07-2022) | |
| 49 | ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി-ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു<br>Written By: M.S.Tharick (Senior Grade Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-27 |
| 50 | അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-28 |
| 51 | നഗരസഭയിലെ ഹരിത കർമ സേന – ഘടനയും പ്രവർത്തനവും - അവലോകനം<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-29 |
| 52 | മാലിന്യ സംസ്കരണ മേഖലയിൽ സഹായം നൽകുന്നതിനായി നിയോഗിച്ച ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഫലപ്രദമായില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-30 |
| 53 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നൽകൽ- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ചു<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-31 |
| 54 | മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-32 |
| 55 | വിവിധ കുടുംബക്ഷേമ കേന്ദ്രങ്ങൾ -മെയിന്റനൻസ് -അളവു പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയില്ല<br>Written By: P. Sujatha (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-32-1 |
| 56 | അംഗൻവാടി അറ്റകുറ്റപണി -തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-32-2 |
| 57 | എസ്റ്റിമേറ്റിൽ സമഗ്രമായി മാറ്റം വരുത്തിയിട്ടും റീ-ടെണ്ടർ ചെയ്തിട്ടില്ല<br>Written By: P. Sujatha (Audit Officer, On 23-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-33 |
| 58 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-34 |
| 59 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില കുറവു ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-35 |
| 60 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 1-36 |
| 61 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 28-07-2022) | 1-37 |
| 62 | വനിതാ വ്യവസായ ഉൽപ്പാദന വിപണന സമുച്ചയം പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-38 |
| 63 | പി.എം.എ.വൈ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള | 1-39 |

| | | |
|---|---|---|
| | തുടർനടപടികൾ ആവശ്യപ്പെടുന്നു<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | |
| 64 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: M.S.Tharick (Senior Grade Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-40 |
| 65 | മെറ്റീരിയൽ പർച്ചേസ് -കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: M.S.Tharick (Senior Grade Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 1-40-1 |
| 66 | നഗരസഭയിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 29-07-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 29-07-2022) | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ചു-നഷ്ടം 311850 രൂപ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 3-1 |
| 2 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില കുറവു ചെയ്തില്ല<br>Written By: P. Sujatha (Audit Officer, On 27-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 20-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 20-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: C.S.Santhosh (Audit Officer, On 20-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 20-07-2022)<br>Last Updated By: Haseena KU (Computer Assistant, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

30-02-2020 ന് ചേർന്ന കൗൺസിൽ യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

22-2-21 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 161029714.00 |
| തൻവർഷം വരവ് | 521169398.00 |
| ആകെ വരവ് | 682199112.00 |
| ചെലവ് | 360904668.00 |
| നീക്കിയിരിപ്പ് | 321294444.00 |

### 1-1-1 ബജറ്റ് തയ്യാറാക്കലും നിയമവ്യവസ്ഥകളുടെ പാലനവും വിലയിരുത്തൽ

എ. വരവു-ചെലവുകളുടെ എസ്റ്റിമേറ്റ്

.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 285

ജനുവരി 15-ാം തിയതിക്കകം അടുത്ത വർഷത്തെ വരവ്-ചെലവുകളുടെ (Receipts And Expenditure) വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്.

19-12-19 ന് വരവ്-ചെലവ് കണക്കുകൾ സെക്ഷനുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

ബി. ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കൽ

.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 286

സെക്രട്ടറി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ എന്നിവർ സമർപ്പിക്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിക്കേണ്ടതും അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ്. തുടർന്ന് നഗരസഭയുടെ അടുത്ത വർഷത്തേക്കുള്ള വരവു-ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണ്. വായ്പകളുടെ മുതലിന്റേയും പലിശയുടേയും ഗഡുക്കൾ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകേണ്ടതാണ്. വർഷാവസാനം മുനിസിപ്പാലിറ്റിയുടെ റവന്യൂവിന്റെ 5% ൽ കുറയാത്ത രൊക്കബാക്കി ഉണ്ടായിരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് എസ്റ്റിമേറ്റ് നിയമാനുസൃത സമയപരിധിക്കുള്ളിൽ അംഗീകരിച്ചിട്ടുണ്ട്.

ജല അതോറിറ്റിക്ക് നൽകുവാനുള്ള തുക ബാധ്യതയായി കണക്കിൽ ഉൾപ്പെടുത്താതെയാണ് നീക്കിയിരിപ്പ് കണക്കാക്കുന്നത്. ആയതിനാൽ 5% നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത് കൃത്യമല്ലെന്ന് വിലയിരുത്തുന്നു.

സി. ബജറ്റ് എസ്റ്റിമേറ്റും കൗൺസിലിന്റെ പരിഗണന യും

.1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 287

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് എസ്റ്റിമേറ്റ്, ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിനുമുമ്പ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ, കൗൺസിൽ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിക്കുന്നത്

മാർച്ച് ആദ്യവാരം കഴിഞ്ഞാണ്. നിയമാനുസൃത സമയപരിധി പാലിക്കപ്പെടാത്തതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ബജറ്റ് കുറ്റമറ്റതാക്കുവാൻ സാധിക്കാതെ വരികയും കരട് ബജറ്റ് തന്നെ അംഗീകരിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു.

ഡി. കൗൺസിലിന്റെ നടപടിക്രമം

- 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 288

ബജറ്റ് എസ്റ്റിമേറ്റ് വീണ്ടും പരിഗണിച്ച് ഒരു നിശ്ചിത സമയത്തിനുള്ളിൽ വീണ്ടും സമർപ്പിക്കാനായി കൗൺസിലിന് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മടക്കി അയയ്ക്കാവുന്നതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബജറ്റ് എസ്റ്റിമേറ്റ് വൈകി സമർപ്പിക്കുന്നതിനാൽ ബജറ്റ് അപ്രകാരം തിരിച്ചയയ്ക്കുന്നതിനുള്ള സമയം ലഭ്യമാകുന്നില്ല. ആയതിനാൽ ബജറ്റ് തിരിച്ചയക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

ഇ. ബജറ്റ് പാസാക്കൽ

- 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 289

വർഷാരംഭത്തിനു മുമ്പായി കൗൺസിൽ ബജറ്റ് അന്തിമമായി പാസാക്കേണ്ടതാണ്.

ബജറ്റിന്റെ പകർപ്പ് സർക്കാരിനും ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കും അയച്ചു കൊടുക്കേണ്ടതാണ്.

സമയപരിധിക്കുള്ളിൽ ബജറ്റ് പാസാക്കിയിട്ടുണ്ടെങ്കിലും പകർപ്പുകൾ നിയമാനുസൃതം അയയ്ക്കേണ്ട അധികാരികൾക്ക് അയച്ചു കൊടുത്തിട്ടില്ല.

എഫ് . അക്കൗണ്ടിംഗ് ചട്ടങ്ങളിലെ നിർദ്ദേശം

2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 63 പ്രകാരം, വകുപ്പ് 286 ഉം സർക്കാർ മാർഗ്ഗരേഖകളും അനുസരിച്ച് വാർഷിക ബജറ്റ് അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ, ഓരോ ഫണ്ടിനും പ്രത്യേകം ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

നിലവിൽ ബജറ്റ് തയ്യാറാക്കുന്നത് സിംഗിൾ എൻട്രി അടിസ്ഥാനത്തിലാണ്. അത്തരത്തിലുള്ള ഓരോ ഫണ്ടിനും പ്രത്യേകം ബജറ്റ് തയ്യാറാക്കുന്നില്ല.

2. വരവ് - ചെലവുകളും ബജറ്റിലെ വകയിരുത്തലും

നഗരസഭയുടെ ബജറ്റ് പരിശോധിച്ചതിൽ GST നിലവിൽ വന്നതിനുശേഷം നഗരസഭയുടെ അധികാര പരിധിയിൽ ഇല്ലാത്ത പരസ്യ നികുതിയിനത്തിൽ വരവ് പ്രതീക്ഷിച്ചതായി കണ്ടു. നിയമാനുസൃതം അധികാരമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല എന്നത് ബജറ്റ് തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ല എന്നതിന് ഉദാഹരണമായി വിലയിരുത്തുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ കരട് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതു മുതൽ കൗൺസിൽ ചർച്ചയ്ക്കെടുത്ത് അംഗീകരിക്കുന്ന ഘട്ടം വരെ ഒരിടത്തും യഥാർത്ഥ കണക്കുകളുമായി ബജറ്റ് തുകകളെ താരതമ്യപ്പെടുത്തിയതായി കാണുന്നില്ല. നികുതി വരവുകളുടെ കാര്യത്തിൽ ഈ വ്യത്യാസം പ്രകടമായി കാണാം. രണ്ട് വർഷത്തെ കണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം വരവ് (കോടി) | യഥാർത്ഥ വരവ് (കോടി) |
|---|---|---|
| വസ്തു നികുതി | 1.80 | 2.10 |
| തൊഴിൽ നികുതി | 0.95 | 0.79 |
| വിനോദ നികുതി | 0.83 | 0.02 |
| പരസ്യ നികുതി | 0.26 | 0 |

| | | |
|---|---|---|
| | 2020-21 | |

| | ബജറ്റ് | വാർഷിക കണക്ക് |
|---|---|---|
| മുന്നിരിപ്പ് | 161029714 | 77737403.53 |
| വരവ് | 521169398 | 276794469 |
| ആകെ | 682199112 | 354531872.53 |
| ചെലവ് | 360904668 | 298177267 |
| നീക്കിയിരിപ്പ് | 321294444 | 56354605.53 |

ബജറ്റിൽ അയഥാർത്ഥ തുകകളാണ് പ്രതിഫലിക്കുന്നതെന്ന് മേൽ പട്ടിക വ്യക്തമാക്കുന്നു. യഥാർത്ഥ വരവു ചെലവിന്റെ നാലുമടങ്ങിനേക്കാൾ ഉയർന്ന തുകയാണ് ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് കാണാം. ഇതുകൊണ്ടു തന്നെ ബജറ്റിന്റെ പ്രസക്തി തന്നെ ഇല്ലാതാകുന്നു.

ബജറ്റ് തയ്യാറാക്കുമ്പോൾ ചെലവിനങ്ങളുടെ ആവശ്യകതയും മിതത്വവും അളവും കൃത്യമായി കണക്കാക്കി, ഒരോ ചെലവും ചെയ്യുമ്പോൾ ആയത് ബജറ്റിനനുസൃത മായിട്ടാണോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ബജറ്റിലെ തുകകളും യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് മേൽ പട്ടിക സൂചിപ്പിക്കുന്നു.

ബജറ്റിന്റെ പ്രധാന്യം ഉൾക്കൊള്ളാതെ ഒരു യാന്ത്രിക നടപടിയായി ബജറ്റ് മാറുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

3. ബജറ്ററി നിയന്ത്രണം

ഓരോ ചെലവും ബജറ്റുമായി പൊരുത്തപ്പെടുത്തിയതിനുശേഷം മാത്രം നിർവ്വഹിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിലവിലില്ലാത്തത് ബജററി നിയന്ത്രണം സാധ്യമാകാതെ പോകുന്ന സാഹചര്യം സൃഷ്ടിക്കുന്നു.

4. ബാധ്യതാ തുകകൾ വകയിരുത്തൽ

സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ ബജറ്റിൽ വകയിരുത്തുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്.

നഗരസഭയിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് കുടിശ്ശികയുള്ള തുക തീർപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബജറ്റിൽ വകയിരുത്തിയിട്ടില്ല. വാർഷിക കണക്കിൽ 13 കോടിയുടെ കുടിശ്ശിക തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ബജറ്റും വാർഷിക കണക്കുകളും സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

ബാധ്യതകൾ ബജറ്റിന്റെ ഭാഗമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. പുതിയ ധനാഗമ സ്രോതസ്സുകൾ കണ്ടെത്തൽ

എല്ലാ വർഷവും സ്ഥിരം വരുമാന സ്രോതസ്സുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിനപ്പുറം പുതിയ ധനാഗമന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളോ, കൗൺസിലോ യാതൊരു ശ്രമവും നടത്തുന്നില്ല.

വാർഡ് കമ്മിറ്റികളിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉയർന്നു വരുന്ന ജനാഭിപ്രായങ്ങൾ കണക്കിലെടുത്ത് ബജറ്റ് പ്രക്രിയ നടത്തുകയാണെങ്കിൽ പുതിയ നിർദ്ദേശങ്ങളും, ആശയങ്ങളും ഉരിത്തിരിയുകയും ബജറ്റ് നിർദ്ദേശങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും കഴിയും.

6. ദാരിദ്ര്യ ലഘൂകരണ ഫണ്ട്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്. അത്തരത്തിൽ തുക മാറ്റി വെച്ചിട്ടില്ല.

ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേക്ക് തുക നീക്കി വയ്ക്കേണ്ടതും നീക്കി വെക്കുന്ന തുക ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന് യഥാസമയം കൈമാറി അതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

7. നിയമാനുസൃത മിച്ചം

ബജറ്റിൽ നഗരസഭയുടെ റവന്യൂവിന്റെ 5% ൽ കുറയാത്ത രൊക്കബാക്കി ഉണ്ടായിരിക്കണം എന്ന് നിബന്ധനയുണ്ട്.

ബാധ്യതാ തുക തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താതെയാണ് മിച്ചം കണക്കാക്കിയിട്ടുള്ളത് എന്നതിനാൽ യഥാർത്ഥത്തിൽ ഉണ്ടാകേണ്ടിയിരുന്ന മിച്ചം ബജറ്റിൽ പ്രതിഫലിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

8. പുതുക്കിയ ബജറ്റ് , സപ്ലിമെന്ററി ബജറ്റ്

പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കിയിട്ടില്ല.

9. 2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ് ) ചട്ടങ്ങളും ബജറ്റും

2007 ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 63 പ്രകാരം വകുപ്പ് 286 ഉം സർക്കാർ മാർഗ്ഗരേഖകളും അനുസരിച്ച് വാർഷിക ബജറ്റ് അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ, ഓരോ ഫണ്ടിനും പ്രത്യേകം ബജറ്റ് തയ്യാറാക്കേണ്ടതാണ്.

സംക്ഷിപ്ത ബജറ്റിൽ ഉൾപ്പെടുത്തേണ്ട വിവിധ എസ്റ്റിമേറ്റുകളുടെ സ്റ്റേറ്റ്മെന്റുകൾ ചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക നിയന്ത്രണത്തിന്റെ പ്രധാന തൂണുകളിലൊന്നായ ബജറ്റ് കാര്യക്ഷമമായി തയ്യാറാക്കുന്നതിനാവശ്യമായ തയ്യാറെടുപ്പും നടപടിക്രമങ്ങളുടെ പാലനവും ഉറപ്പാക്കുന്നതി നാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മേൽനോട്ടവും ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 30-12-2021 | - | - |

### 1-2-1 വാർഷിക കണക്കുകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ സമർപ്പിച്ചില്ല

വാർഷിക കണക്കുകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ ഓഡിറ്റിനു സമർപ്പിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ കണക്കുകൾ ഓഡിറ്റിനു സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-2 വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി (തൻവർഷം & കുടിശ്ശിക) - സഞ്ചയ ഡാറ്റ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) വാടക, ബസ് സ്റ്റാൻഡ് ഫീസ്, കംഫർട്ട് സ്റ്റേഷൻ വരവ് എന്നീയിനത്തിലുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിലെ B7-

ഷെഡ്യൂളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 15717646 രൂപയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

5) അഡ്വാൻസ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള കണക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ AFSലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

6) പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 31.03.2021 ൽ നഗരസഭയ്ക്ക് 181547202 രൂപയുടെ ലയബിലിറ്റി നിലനിൽക്കുന്നുണ്ടെങ്കിലും ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) സചിത്ര സോഫ്റ്റ്‌വെയർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല.

9) വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി ശേഷിക്കുന്നുണ്ട്. ബാങ്ക് അക്കൗണ്ടുകളിൽ പലിശ വരവ് / ബാങ്ക് ചാർജ്ജ് മാത്രമാണ് ഉള്ളത്.

| ബാങ്ക് | അക്കൗണ്ട് നം | 01.04.20 | 31.03.21 |
|---|---|---|---|
| പാലക്കാട് ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് | 01701020000065 | 1799 | 1860 |
| എസ് ബി ഐ Sand | 30570420986 | 442148 | 454296 |
| എസ് ബി ഐ MN ലക്ഷംവീട് | 30698536690 | 430147 | 441966 |
| പഞ്ചാബ് നാഷണൽ ബാങ്ക്- ആണ്ടിക്കുന്ന് കുടിവെള്ള പദ്ധതി | 4302001100000043 | 1499253 | 1560856 |
| എസ് ബി ഐ- ഐ എച്ച് എസ് ഡി പി | 30883445453 | 40642 | 41759 |
| എസ് ബി ഐ-ബി ആർ ജി എഫ് | 3045655293 | 489417 | 502864 |
| എസ് ബി ടി- സെൻസസ് | 67123741385 | 147243 | 146583 |
| എസ് ബി ഐ- ഐ എൽ സി എസ് | 67186445928 | 3503 | 3526 |
| സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 40284100104250 | 1305823 | 1335821 |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 19/25.07.22)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 77737403.53 |
| വരവ് | 276794469 |
| ആകെ | 354531872.53 |
| ചെലവ് | 298177267 |
| നീക്കിയിരിപ്പ് | 56354605.53 |

മുൻവർഷത്തെ വാർഷിക കണക്ക പ്രകാരം മുന്നിരിപ്പ് 71457805.53 രൂപയാണ്. തൻവർഷത്തെ മുന്നിരിപ്പ് 77737403.53 രൂപയായി ക്രമീകരിച്ചിട്ടുള്ളതിനാൽ ആയത് പ്രകാരമുള്ള മുന്നിരിപ്പാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 48109807 | 48109807 | 42726764 | 5383043 |
| വികസനഫണ്ട് -എസ്.സി.പി | 0 | 28661999 | 28661999 | 28661999 | 0 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 287000 | 287000 | 0 | 287000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21381000 | 21381000 | 17763942 | 3617058 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 11035245 | 11035245 | 8646254 | 2388991 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 62227632 | 62227632 | 42600808 | 19626824 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ് | 0 | 26410000 | 26410000 | 6375757 | 20034243.00 |

കേന്ദ്രാവിഷ്കൃതം -വിവിധ സ്കീമുകൾ

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേന്ദ്രാ വിഷ്കൃതം | 44133379 | 13,350,786 | 57484165 | 10535580 | 46948585 |

സസ്ഥാനാവി ഷ്കൃതം -തൊഴിലുറ പ്പ പദ്ധതി -AUEGS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി | 720389 | 15000000 | 15720389 | 14913177 | 807212 |

തൊഴിലാളികളുടെ കൂലി ഇനത്തിൽ 12090410 രൂപ നൽകിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 428 | 236569491 | 339 | 159903564 | | 89 | 79 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 79% എണ്ണം തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 68% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെല വഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | എണ്ണം | | തുക | തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 5476940 | 5367028 | 98 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 1990000 | 1338000 | 67 |
| മെഡിക്കൽ ഓഫീ സർ-ഗവ. ഹോസ്പിറ്റൽ | 8 | 8 | 3107898 | 2840654 | 91 |
| മെഡിക്കൽ ഓഫീ സർ-ആയുർവേദം | 4 | 4 | 1600000 | 1600000 | 100 |
| പ്രോജക്റ്റ് ഓഫീസർ-ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 5 | 5 | 1547820 | 941524 | 61 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6 | 10160290 | 6389438 | 63 |
| സെക്രട്ടറി | 44 | 43 | 39037853 | 37883633 | 97 |
| പ്രിൻസിപ്പൽ, GHSS | 4 | 4 | 2500000 | 2491874 | 100 |
| മുനിസിപ്പൽ എഞ്ചിനിയർ | 298 | 226 | 139778017 | 87366686 | 63 |
| പട്ടികജാതി വികസന ഓഫീസർ | 14 | 11 | 14975736 | 6775539 | 45 |
| ഹെൽത്ത് ഓഫീസർ | 27 | 21 | 16394937 | 6909188 | 42 |
| ആകെ | 428 | 339 | 236569491 | 159903564 | 68 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി-AUEGS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 720389 | 15000000 | 15720389 | 14913177 | 807212 |

തൊഴിലാളികളുടെ കൂലി ഇനത്തിൽ 12090410 രൂപ നൽകിയിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7457300 | 439 |
| 2 | വിധവാ പെൻഷൻ | 34526700 | 1824 |
| 3 | വാർദ്ധക്യകാല പെൻഷൻ | 50372000 | 2970 |
| 4 | വികലാംഗ പെൻഷൻ | 7061000 | 397 |

| | | | |
|---|---|---|---|
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 5854900 | 313 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-07-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7244 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2018-19 വർഷത്തിൽ വാർഷിക കണക്കുകളിൽ ചൂണ്ടി കാണിച്ചിരുന്ന അപാകങ്ങൾ തുടർ വർഷത്തിൽ ഒരു പരിധി വരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കിൽ നിന്നും വേറിട്ട് സൂക്ഷിച്ചിരുന്ന വിവിധ അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ടെങ്കിലും വരവ്, ചെലവ് തുകകളുടെ കൃത്യത ഉറപ്പാക്കുന്ന രേഖകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.

നിയമാനുസൃത സമയപരിധിക്കുള്ളിൽ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

വിവിധ ഡിമാന്റ് രജിസ്റ്ററുകൾ വർഷാവസാനം ക്ലോസ് ചെയ്ത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെക്ഷനുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിൽ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുള്ള തുക ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലെന്നും കണ്ടെത്തി.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ഉണ്ടാകാത്തതിനാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി ദൈനംദിന ചെലവുകൾക്കുപോലും പര്യാപ്തമല്ലാത്ത നിലയിൽ തുടരുകയാണ്.
നികുതി-നികുതിയേതര ഇനങ്ങളിലെ ചോർച്ച തടയുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനു കാര്യക്ഷമമായ ശ്രമം നടത്തിയതായും കാണുന്നില്ല.

ലൈസൻസ്, വസ്തു നികുതി ഇനങ്ങളിൽ ഓൺലൈൻ ആയി അടവാക്കുന്ന തുകകൾ നഗരസഭയുടെ അക്കൗണ്ടിൽ വരവു രേഖപ്പെടുത്താത്ത സാങ്കേതിക പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുവാനുള്ള ശ്രമം ഉണ്ടായിട്ടില്ല.
നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകുന്ന വിധത്തിൽ വിവിധ സെക്ഷനുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഉന്നതാധികാരികളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൗൺസിലും മുൻകൈ എടുക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2-7-19 മുതൽ 1-8-19 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2018-18, 2018-19വർഷങ്ങളിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്.

26-5-2015 മുതൽ 1-6-2015 വരെയുള്ള കാലയളവിൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 2014-15 വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്.

## 1-11 നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ അനിവാര്യ നടപടികൾ ഉണ്ടാകുന്നില്ല

അനിവാര്യ ചുമതലകളും എസ്റ്റാബ്ലിഷ്മെന്റ് ചുമതലകളും നിർവ്വഹിക്കുന്നതിന് നഗരസഭയുടെ തനത് ഫണ്ട് നിലവിൽ പര്യാപ്തമല്ലെന്ന് കണക്കുകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയുടേയും ലൈസൻസ്, വാടക മുതലായ നികുതിയേതര ഇനങ്ങളുടേയും പിരിവ് കാര്യക്ഷമമല്ലാത്തതും ഈ ഇനങ്ങളിലുള്ള കുടിശ്ശിക

പിരിച്ചെടുക്കുന്നതിനായി കാര്യമായ ശ്രമം ഉണ്ടാകാത്തതും സാമ്പത്തിക സ്ഥിതി ശോഷിക്കുവാനിടയായിട്ടുണ്ട്.

ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിലെ കൃത്യതയില്ലായ്മയും വെള്ളക്കരം വർഷങ്ങളായി ഒടുക്കാത്തതും നഗരസഭയ്ക്ക് സൃഷ്ടിച്ചിട്ടുള്ള വൻ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനുള്ള കാര്യമായ ശ്രമം ഉണ്ടായതായും കാണുന്നില്ല. 25 കോടിയിലധികം രൂപ ജല അതോറിറ്റി കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

ഡെപ്പോസിറ്റ്, മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം മുതലായ ബാധ്യതാ തുകകൾ പോലും ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

നിലവിൽ, തനത് ഫണ്ട് നീക്കിയിരിപ്പ് 50 ലക്ഷത്തോളം രൂപയും 1.56 കോടി രൂപയുമാണ്. ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക ബാധ്യതയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

അനിവാര്യ ചുമതലകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും നിർവ്വഹിക്കുന്നതിനായി മാത്രം വലിയൊരു തുക ആവശ്യമുള്ള നഗരസഭയ്ക്ക് നിലനിൽ ലഭിക്കുന്ന ജി.പി.ജി, തനത് ഫണ്ട് എന്നിവ അത്തരം ചെലവുകൾ നിർവ്വഹിക്കുവാൻ പര്യാപ്തമാകുന്നില്ല.
കുടിശ്ശിക പിരിച്ചെടുക്കൽ, നികുതി, നികുതിയേതര ഇനങ്ങളിലെ ചോർച്ച, പുതിയ ധനാഗമ സ്രോതസ്സുകൾ കണ്ടെത്തൽ, അനാവശ്യ ചെലവുകൾ നിയന്ത്രിക്കൽ മുതലായ നടപടികളിലൂടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള കർമ്മപദ്ധതി രൂപീകരിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമാണ്. നഗരസഭയുടെ ധനസ്ഥിതി അടിയന്തിരമായി വിലയിരുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവു വെക്കുന്നതിൽ കാലതാമസം

വസ്തു നികുതിയുടെ രസീതി പരിശോധനയിൽ ഓൺലൈൻ മുഖേന പിരിച്ചെടുത്ത തുകകൾ ഐ.കെ.എം ന്റെ സർവ്വറിൽ നിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് സമയബന്ധിതമായി വരവ് വെച്ചിട്ടില്ലെന്ന് കണ്ടെത്തി. സഞ്ചയ ഡാറ്റാബേസിലെ വസ്തു നികുതി ഹെഡ്ഡിലെ വരവ് പരിശോധനയിൽ വ്യക്തികളിൽ നിന്നും നിശ്ചിത തീയതികളിൽ പിരിച്ചെടുക്കുന്ന തുകകൾ അതേ തീയതിയിൽ തന്നെ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത തുകകൾ ഏറെ നാളുകൾക്ക് ശേഷമാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നത്. ഒരേ തിയതിയിലുള്ള വിവിധ രസീതികൾ മുഖേനയുള്ള തുകകളിൽ ഏതാനും രസീതികൾ മുഖേനയുള്ള വരവ് മാത്രമാണ് അക്കൗണ്ടിലേക്ക് വരുന്നത്.

2/2022 മാസം മുതൽ ലൈസൻസ് ഫീ ഇനത്തിൽ ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ലഭ്യമായ കണക്കുകൾ പ്രകാരം 01.04.2022 മുതൽ 10,34,765 രൂപ ഐ.കെ.എം ന്റെ സർവ്വറിൽ നിന്നും നഗരസഭയ്ക്ക് ലഭിയ്ക്കാനുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ ലൈസൻസ് ഫീ മോഡ്യൂളിലെ ഹെഡ്ഡ് പരിശോധിച്ചതിൽ വരവ് സംബന്ധിച്ച യാതൊരു വിവരങ്ങളും ലഭ്യമായില്ല.

ഇതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/22.07.2022 ന് വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തു ന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നിലവിലെ സാഹചര്യത്തിൽ നഗരസഭയ്ക്കുവേണ്ടി പിരിച്ചെടുക്കുന്ന തുകകൾ സമയബന്ധിതമായി നഗരസഭാ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ നഗരസഭ മുൻകൈ എടുക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവിൽ പോരായ്മകൾ നിലനിൽക്കുന്നു

2020-21 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ച് വരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനിൽ കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം. 12/26-7-22 പ്രകാരം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### 1-13-1 ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | തുക |
|---|---|---|
| 1 | Profession Tax - Employees | 62,25,578 |
| 2 | Profession Tax - Institutions/Professionals /Traders (Current) | 13,13,550 |
| 3 | Profession Tax - Institutions/Professionals /Traders (Arrears) | 1,52,273 |
| | ആകെ | 76,91, 401 |

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണമാണ്. നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്ററുകളിൽ സ്ഥാപനങ്ങളുടെ പേര്, ആകെ ഈടാക്കിയ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേരു വിവരം, അർദ്ധ വാർഷിക വരുമാനം മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങൾ, അടവാക്കാനുള്ള സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.

ബി) ഡിമാന്റ് രജിസ്റ്ററിൽ വരവുകളുടെ വിവരം രേഖപ്പെടുത്തി ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 257 പ്രകാരം ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്. നഗരസഭയിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

### 1-13-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | വാർഡ് നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സബ് പോസ്റ്റ് ഓഫീസ്, കണയം | 2 | 2 |
| 2 | സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 2 | 6 |
| 3 | സബ് പോസ്റ്റ് ഓഫീസ്, കവളപ്പാറ | 1&2 | 9 |
| 4 | പെട്രോൾ ബങ്ക്, SMP ജങ്ഷൻ | 1&2 | 12 |
| 5 | വിജയ പ്രിന്റിങ് പ്രസ്സ് | 1&2 | 14 |
| 6 | ഐക്കോൺസ് ഹോസ്പിറ്റൽ | 1&2 | 9 |
| 7 | കേരളീയ ആയുർവേദ നിലയം | 1&2 | 10 |
| 8 | മെറ്റൽ ഇൻഡസ്ട്രീസ്, ഷൊർണ്ണൂർ | 1 | 13 |
| 9 | മെറ്റൽ പോസ്റ്റ് ഓഫീസ്, കല്ലിപ്പാടം | 1 | 13 |
| 10 | കെ ടി സി കുളപ്പുള്ളി | 1 | 15 |
| 11 | ലക്ഷ്മി പോളിമേഴ്സ്, കുളപ്പുള്ളി | 1&2 | 15 |
| 12 | KMIC ഓഫീസ്, കുളപ്പുള്ളി | 1&2 | 15 |
| 13 | യോഗം ക്ഷേമം ബാങ്ക് | 1&2 | 15 |
| 14 | ലക്ഷ്മി, പി വി സി പ്രൊഡക്ട്സ് | 1 | 15 |
| 15 | പൾസ് മൾട്ടി സ്പെഷ്യാലിറ്റി റീ-ഹാബിലേഷൻ സെന്റർ | 1 | 15 |
| 16 | CAD സിറ്റി, കുളപ്പുള്ളി | 1&2 | 15 |
| 17 | മാവേലി സ്റ്റോർ | 1 | 16 |
| 18 | കാരുണ്യ മെഡിക്കൽ സെന്റർ | 2 | 17 |
| 19 | കളർഹട്ട് | 1&2 | 17 |
| 20 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 1 | 17 |
| 21 | ചഡുവാലത്തൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം | 1&2 | - |
| 22 | നിള റസിഡൻസി | 1&2 | 19 |
| 23 | ജൂബിലി ഡെന്റൽ ക്ലിനിക്ക് | 1&2 | 20 |
| 24 | മുത്തൂറ്റ് ഫിനാൻസ് | 2 | 20 |
| 25 | മണപ്പുറം ഫിനാൻസ് | 1&2 | 20 |
| 26 | പോസ്റ്റ് ഓഫീസ്, പരുത്തിപ്ര | 1 | 27 |
| 27 | വിക്ടറി ഐ ടി ഐ | 1&2 | 30 |
| 28 | മഹർഷി, വിദ്യാമന്ദിർ, ചുവന്ന ഗേറ്റ്, കുളപ്പുള്ളി | 1&2 | 31 |
| 29 | സബ് പോസ്റ്റ് ഓഫീസ്, ഷൊർണ്ണൂർ | 1&2 | 32 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-13-3 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ ചമച്ചിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | 2020-21 ൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തി കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1. | രവിചന്ദ്രൻ.എം.ആർ, പൈങ്കുളം, തൃശ്ശൂർ | 2 |
| 2. | മുഹമ്മദ് ബഷീർ. കെ.ടി, കളത്തിൽ തൊടി, കൊണ്ടൂർക്കര, പട്ടാമ്പി | 4 |
| 3. | സുരേഷ് കുമാർ.കെ.എസ്, കുറുകളത്തിൽ, പൈങ്കുളം | 1 |
| 4. | രാമചന്ദ്രൻ. പി.കെ, പടിഞ്ഞാറേതിൽ, ഷൊർണ്ണൂർ | 6 |
| 5. | അബ്ദുർ റസാക്ക്.ടി.ടി, തട്ടാരത്തൊടി, ഓങ്ങല്ലൂർ | 3 |
| 6. | രവികുമാർ.എ.ആർ, നാരങ്ങാപറമ്പിൽ, കവളപ്പാറ | 4 |
| 7. | റിനിൽ ബാബു. പി, പുഴക്കത്തൊടി, കവളപ്പാറ | 7 |
| 8. | കാജാഹുസ്സൈൻ.കെ, കള്ളാടിപ്പക | 1 |
| 9. | പരമേശ്വരൻ.കെ, വാടാനംകുറിശ്ശി, | 6 |
| 10. | എ.എം.യൂസഫ്, ജന്നത്ത് മൻസിൽ, പട്ടാമ്പി | 3 |
| 11. | വി.പി.സന്തോഷ്, കുനത്തറ | 5 |
| 12. | വി.പി.ഗോപാലകൃഷ്ണൻ, കുനത്തറ | 7 |
| 13. | ടീബൻ.ടി, വാടാനംകുറിശ്ശി | 6 |
| 14. | എ.യൂസഫ് സിദ്ദിഖ്, വല്ലപ്പുഴ | 2 |
| 15. | വി.ബി.പ്രദീപ്, വാഴയിൽ, പരുത്തിപ്ര | 3 |
| 16. | സുബ്രമണ്യൻ.പി, കള്ളാടിപ്പക, ഓങ്ങല്ലൂർ | 1 |
| 17. | മുഹമ്മദ് അൻസാർ, വരമംഗലത്ത്, കൊണ്ടൂർക്കര | 1 |
| 18. | മുഹമ്മദ് അർഷാദ്.വി, വരമംഗലത്ത്, കൊണ്ടൂർക്കര | 1 |
| 19. | അനിൽ കുമാർ.എം, മണ്ടിൽ ഹൗസ് | 7 |
| 20. | അബ്ദുൾ സലീം, വരമംഗലത്ത്, കൊണ്ടൂർക്കര | 1 |
| 21. | ഷാജഹാൻ. എം.ഐ, വെട്ടിക്കാട്ടിൽ | 2 |
| 22. | സാദത്ത്.എം.ഐ, വെട്ടിക്കാട്ടിൽ | 2 |
| 23. | എൻ.വി.ശശികുമാർ, പടിഞ്ഞാറേതിൽ | 3 |
| 24. | കെ.ഹംസ, കരുവാക്കൽ, ഓങ്ങല്ലൂർ | 8 |
| 25. | പി.സി.സുരേഷ് | 3 |
| 26. | അർജ്ജുൻ.സി.അജിത്ത്, വാടാനംകുറിശ്ശി | 1 |
| 27. | അലി.വി, ഓങ്ങല്ലൂർ | 2 |
| 28. | ഇബ്രാഹിം.എം.എം, മാവത്തോട് | 4 |
| 29. | ശ്യാംജിത്ത്. ആർ.കിരൺ, ഒറ്റപ്പാലം | 2 |
| 30. | ഫഹദ്.പി.കെ | 1 |

മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരിൽ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-13-4 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2020-21 ഒന്നും രണ്ടും അർധ വർഷങ്ങളിൽ ഷൊർണ്ണൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി

ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13-5 റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സ്ഥാപന തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

### 1-13-6 അഭിഭാഷകരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം നഗരസഭാ പ്രദേശത്ത് അഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം അഭിഭാഷകരിൽ നിന്നും 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അഭിഭാഷകരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-13-7 തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം Profession Tax- Institutions/ Professionals/Traders (Current) ശീർഷകത്തിൽ 4,08,367/- രൂപയും Profession Tax - Institutions/Professionals/Traders (Arrears) ശീർഷകത്തിൽ 7,51,053/- രൂപയും കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുണ്ട്. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-14 അനധികൃത നിർമ്മാണങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ കെട്ടിടം പണി പൂർത്തിയാക്കുകയോ ആ കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തിയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്ന തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നല്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലാകുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം നിർമ്മിച്ച കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "U.A" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. സഞ്ചയയിലെ ഡാറ്റകൾ പരിശോധിച്ചതിൻ പ്രകാരം നഗരസഭയിൽ 28 അനധികൃത നിർമ്മാണങ്ങളുണ്ടെന്ന് കണ്ടെത്തി.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം

20 പ്രകാരമുള്ള ഫാറം 10-ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

നഗരസഭയിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മിതികൾ ക്രമവത്ക്കരിക്കുന്നതിനുള്ള/പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13, 25-7-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 വാടക ഈടാക്കൽ കാര്യക്ഷമമല്ല

നഗരസഭ അധികാര പരിധിയിൽ വരുന്ന വിവിധ കെട്ടിടങ്ങളിലെ വാടകയ്ക്ക് നൽകിയ മുറികളുടേയും ഒഴിഞ്ഞു കിടക്കുന്ന മുറികളുടേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | ആകെ മുറികൾ | ഒഴിഞ്ഞു കിടക്കുന്നവ | കുറിപ്പ് |
|---|---|---|---|---|
| 1 | ഷൊർണ്ണൂർ പുതിയ ബസ് സ്റ്റാന്റ് കെട്ടിടം | 14 | 0 | |
| 2 | കുളപ്പുള്ളി അമിനിറ്റി സെന്റർ | 16 | 13 | 7 എണ്ണം കൗൺസിൽ പരിഗണനയിലാണ്. |
| 3 | രജത ജൂബിലി ഷോപ്പിങ് കോംപ്ലക്സ് | 18 | 1 | |
| 4 | പഴയ ബസ് സ്റ്റാന്റ് കെട്ടിടം | 89 | 5 | |
| 5 | കാരപ്പാട് വായനശാല | 2 | 0 | |
| | ആകെ | 139 | 19 | |

വാടകയുടെ നടപടിക്രമങ്ങൾ, പിരിവ്, കുടിശ്ശിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം. 15/25-7-22 പ്രകാരം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യക്കിയിട്ടില്ല.

## 1-15-1 നിയമാനുസൃത ബൈലോ തയ്യാറാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565(ബി) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബൈലോ അംഗീകാരത്തിനായുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നിയമാനുസൃത ബൈലോ അംഗീകരിച്ച് ലഭ്യമായിട്ടില്ല. ബൈലോ ലഭ്യമാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15-2 ഒഴിഞ്ഞു കിടക്കുന്ന മുറികൾ ലേലം ചെയ്യേണ്ടതാണ്

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ അധികാര പരിധിയിലുള്ള 139 മുറികളിൽ 120 എണ്ണം ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിട്ടുണ്ട്. 19 എണ്ണം ഒഴിഞ്ഞ് കിടക്കുന്നു. ഒഴിഞ്ഞു കിടക്കുന്നവ ലേലം ചെയ്ത് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻകാലങ്ങളിൽ നിർമ്മിച്ച് നിഷ്ക്രിയമായി കിടക്കുന്ന കെട്ടിടങ്ങളുണ്ടെങ്കിൽ അവ നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത കൂടി പരിശോധിക്കേണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-3 സംവരണ തത്വം പാലിച്ചിട്ടില്ല

2000-ലെ കേരള മുനിസിപ്പാലിറ്റി(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം കടമുറികൾ, ബങ്ക്, സ്റ്റാളുകൾ മുതലായവ വാടകയ്ക്കോ പാട്ടത്തിനോ നൽകുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10 ശതമാനം സംവരണം ചെയ്യേണ്ടതാണ്. ഇതിനായി, അത്തരം വിഭാഗങ്ങളിൽ നിന്നു മാത്രം അപേക്ഷ ക്ഷണിക്കേണ്ടതാണ്. പ്രത്യേക വിഭാഗത്തിൽ അപേക്ഷകരില്ലെങ്കിൽ അടുത്തു വരുന്ന ഒഴിവ് ആ വിഭാഗത്തിനായിരിക്കുമെന്ന നിബന്ധനയോടെ മറ്റ് വിഭാഗക്കാർക്ക് അനുവദിക്കാവുന്നതാണ്. നഗരസഭയിൽ അത്തരത്തിൽ സംവരണതത്വം പാലിക്കാതെയാണ് കടമുറികൾ ലേലം ചെയ്തിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15-4 വാടക കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ വാടക ഇനത്തിൽ 2,79,625/- രൂപയും മുൻ വർഷങ്ങളിലെ വാടക ഇനത്തിൽ 1,77,665/- രൂപയും കുടിശ്ശികയുണ്ട്. നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-15-5 വാടക-രജിസ്റ്റർ പ്രകാരമുള്ള വരവ്, കുടിശ്ശിക വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള വരവ്, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വരവിനം | വാടക രജിസ്റ്റർ പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൻവർഷ വരവ് | 36,49,714 | 31,80,259 | 4,69,455 |
| തൻവർഷ കുടിശ്ശിക | 5,06,664 | 2,79,625 | 2,27,039 |
| മുൻവർഷങ്ങളിലെ വരവ് | 4,47,684 | 3,29,207 | 1,18,477 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 68,742 | 1,77,665 | -1,08,923 |

തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയി ക്കേണ്ടതുമാണ്.

### 1-16 വസ്തു നികുതി പിരിവ്- കാര്യക്ഷമമാകേണ്ടതാണ്

നഗരസഭയുടെ 2020-21 വർഷത്തെ വസ്തു നികുതി പിരിവിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി സഞ്ചയ ഡാറ്റ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ 27,36,458/- രൂപ കുടിശ്ശികയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ നികുതി നിർണ്ണയത്തിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 16/25-7-2022 പ്രകാരം കണ്ടെത്തലുകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-16-1 വസ്തു നികുതി-27,36,458/-രൂപ കുടിശ്ശിക

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ 27,36,458/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വസ്തു നികുതി-തൻ വർഷ കുടിശ്ശിക | 16,49,711 |
| വസ്തു നികുതി-മുൻ വർഷങ്ങളിലെ കുടിശ്ശിക | 10,86,747 |
| ആകെ കുടിശ്ശിക | 27,36,458 |

നഗരസഭയ്ക്ക് ദൈനംദിന ഭരണ നിർവ്വഹണം നിറവേറ്റുവാൻ പോലും ഫണ്ട് ഇല്ലാത്ത സാഹചര്യത്തിൽ ഇത്തരത്തിൽ കുടിശ്ശിക നിലനിലനിൽക്കുന്നത് അഭിലഷണീയമല്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും കുടിശ്ശിക ഈടാക്കുന്നതിനായി ഇടപെടൽ നടത്തേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-16-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

നഗരസഭയിൽ പ്രവർത്തിക്കുന്ന 8 മൊബൈൽ ടവറുകൾ വസ്തുനികുതി അടവാക്കുന്നതിൽ വീഴ്ച വരുത്തുകയും മൊബൈൽ ടവറുകളുടെ മാത്രം 7,05,514/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | അപേക്ഷകൻ/ ഉടമസ്ഥൻ | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|---|
| 1 | 1/239/1 | ഇൻഡസ് ടവർ | 28,713 | 2019 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 2 | 1/239/2 | ഇൻഡസ് ടവർ | 27,945 | 2019 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 3 | 20/476 | വയർലസ് ടി ടി ഇൻഫോ സർവ്വീസ് | 23,360 | 2021 ലെ 2 അർദ്ധവർഷങ്ങൾ |
| 4 | 20/478 | റിലയൻസ് ഇൻഫോ | 2,79,450 | 2008 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 5 | 24/235/1 | ടവർ വിത്ത് ഷെൽട്ടർ | 66,422 | 2017 രണ്ടാമത്തെ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 6 | 24/364/1 | ഇൻഡസ് ടവർ | 22,540 | 2019 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 7 | 28/47/1 | സബ് ഡിവി. എഞ്ചിനീയർ | 2,07,000 | 2013 ആദ്യ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| 8 | 28/58 | സി എം കൃഷ്ണൻ നമ്പൂതിരി | 50,084 | 2016 രണ്ടാമത്തെ അർദ്ധവർഷം മുതൽ 2021 രണ്ടാമത്തെ അർദ്ധവർഷം വരെ |
| | ആകെ | | 7,05,514 | |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/25-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-16-3 ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് 90 രൂപയും 200 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ് മാളുകൾ എന്നിവയ്ക്ക് 70 രൂപയുമാണ് അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

വാണിജ്യാ വശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ് മാളുകൾ എന്ന ഉപയോഗക്രമത്തിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 200 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ് മാളുകൾ എന്നിവയ്ക്ക് ബാധകമായ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നതായി പരിശോധയിൽ

കണ്ടെത്തി.

1.

| ഉടമസ്ഥൻ- ബിഷപ്പ്, നോർത്ത് കേരള, ഷൊർണ്ണൂർ | | | |
|---|---|---|---|
| വാർഡ് / കെട്ടിട നം. | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി -70 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി - 90 രൂപ /ച.മീ |
| 16/148 | 239.92 | അടിസ്ഥാന നികുതി- 239.92*70= 16,794.4 | അടിസ്ഥാന നികുതി- 239.92*90= 21,592.8 |
| | | വർദ്ധനവ്- 3,358.88(20% വഴി) | വർദ്ധനവ്- 4,318.56(20%) |
| | | ഇളവ്- 3,358.88(20%) | ഇളവ്- 4,318.56(20%) |
| | | ആകെ-16,795 | ആകെ- 21,593 |
| | | ലൈബ്രറി സെസ്-840 | ലൈബ്രറി സെസ്- 1,080 |
| | | ആകെ-17,635 | ആകെ- 22,673 |
| | | | കുറവ്=5,038 |

2.

| ഉടമസ്ഥൻ- കുഞ്ഞുമുഹമ്മദ്, വിളക്കീരി, ഷൊർണ്ണൂർ | | | |
|---|---|---|---|
| വാർഡ് / കെട്ടിട നം. | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 70 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 90 രൂപ /ച.മീ |
| 16/227-2 | 955.13 | അടിസ്ഥാന നികുതി- 955.13*70= 66,859.10 | അടിസ്ഥാന നികുതി- 955.13*90=85,961.70 |
| | | വർദ്ധനവ്- 23,400.70 (35% ) | വർദ്ധനവ്- 300,86.59 (35%) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-90,260 | ആകെ- 1,16,048.29 |
| | | ലൈബ്രറി സെസ്-4,513 | ലൈബ്രറി സെസ്- 5,802.41 |
| | | ആകെ-94,773 | ആകെ- 1,21,851 |
| | | | കുറവ്=27,408 |

3. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നതായി കണ്ടെത്തി.

| ഉടമസ്ഥൻ- അശോക് നായർ, കൃഷ്ണ, കുളപ്പുള്ളി | | | |
|---|---|---|---|
| വാർഡ് / കെട്ടിട നം. | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 50 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 70 രൂപ /ച.മീ |
| 15/565-1 | 984.56 | അടിസ്ഥാന നികുതി- 984.56*50=49,228 | അടിസ്ഥാന നികുതി- 984.56*70= 68,919.20 |
| | | വർദ്ധനവ്- 17,229.80(35%) | വർദ്ധനവ്- 24,121.72(35%) |
| | | ഇളവ്- 4,922.80(10%) | ഇളവ്- 6,891.92(10%) |

| | | |
|---|---|---|
| | ആകെ-61,535 | ആകെ- 86,149 |
| | ലൈബ്രറി സെസ്-3,077 | ലൈബ്രറി സെസ്-4,308 |
| | ആകെ- 64,612 | ആകെ- 90,457 |
| | | കുറവ്=25,845 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/25-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നഗരസഭയിലെ വസ്തു നികുതി നിർണ്ണയും പൂർത്തീകരിച്ച സാഹചര്യത്തിൽ ഇത്തരത്തിൽ വസ്തു നികുതിയിനത്തിൽ തെറ്റായി രേഖപ്പെടുത്തിയ മറ്റു ഡാറ്റകൾ കൂടി കണ്ടെത്തി തിരുത്തൽ വരുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. അല്ലാത്തപക്ഷം വസ്തു നികുതിയിനത്തിൽ വൻ തുക നഗരസഭയ്ക്ക് നഷ്ടമാകുന്നതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഈ വിഷയത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

### 1-16-4 MSME കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തിയില്ല

1. സഞ്ചയ ഡാറ്റ പരിശോധിച്ചതിൽ നഗരസഭയിൽ ഒരു കെട്ടിടത്തിനു മാത്രമാണ് Micro Small Medium Enterprises (MSME) കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്കിൽ നിർണ്ണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി.

വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഷൊർണ്ണൂർ നഗരസഭയിൽ 457 സ്ഥാപനങ്ങൾ MSME വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ MSME Development Act, 2006(കേന്ദ്ര നിയമം) പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും നിലവിൽ ഉദ്യം രജിസ്ട്രേഷൻ നമ്പർ ലഭ്യമായിട്ടുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും MSME വിഭാഗത്തിന് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. MSME ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും തൊഴിൽ നികുതി ലഭ്യമാകുന്നുണ്ടെന്ന കൂടി ഉറപ്പ് വരുത്തേണ്ടതാണ്.

3. 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റു സാക്ഷ്യപത്രം(Acknowledgement Certificate) ലഭ്യമായിട്ടുള്ള പുതിയ MSME കൾക്ക് വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്നു വർഷം വരെ ഇളവുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയ്ക്ക് ഈ ഒഴിവ് ബാധകമാണ്.

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ നഗരസഭാ അതിർത്തിക്കുള്ളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട നികുതികൾ നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/25-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-17 വിനോദ നികുതി- ജി എസ് ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കുന്നില്ല

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകുകയും സ.ഉ(കൈ)നം.112/2019

/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2020-21 വർഷം നഗരസഭയ്ക്ക് വിനോദ നികുതി ഇനത്തിൽ വിനോദ നികുതി ഇനത്തിൽ 19,801/- രൂപ വരവുണ്ട്. എന്നാൽ തീയേറ്ററുകൾ ജി എസ് ടി ഒടുക്കുന്ന ടിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കുന്നതിന് പകരം തിയേറ്ററുകൾ ലഭ്യമാക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2019-20 വർഷത്തേയും 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലേയും വിനോദ നികുതിയിൽ ഇളവ് നൽകിയതിനുശേഷം 1-1-2022 മുതൽ വിനോദ നികുതി ഈടാക്കേണ്ടതാണ്. രസീതി പരിശോധനയുടെ ഭാഗമായി 1-1-2022 മുതൽക്കുള്ള വിനോദ നികുതി ഈടാക്കി വരുന്നതും തിയറ്റർ ഉടമകൾ സമർപ്പിക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണെന്ന് ബോധ്യപ്പെട്ടു.

ഓഡിറ്റ് അന്വേഷണം നം. 23/26-7-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ഒടുക്കിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതി ഈടാക്കേണ്ടതാണ്.

തനത് വരുമാനം കുറവുള്ള നഗരസഭയിൽ ഈ ഇനത്തിലുള്ള നികുതി ചോർച്ച ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-18 ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി ലക്ഷ്യമിടുകയും ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-18-1 ഭേദതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്

2020 ലെ കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം 2011 ലെ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങൾ നിലവിൽ 2011-ലെ കേരള മുനസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്. സ്ഥാപനങ്ങളുടെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഈടാക്കേണ്ട ലൈസൻസ് ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ | 1000/- |

| | |
|---|---|
| പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും | 5000/- |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതും സേവന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും | 15000/- |

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. ഈടാക്കിയ ലൈസൻസ് ഫീസ് ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീസിൽ നിന്നും വ്യത്യസ്ഥമായാണ്.

നിലവിൽ ലൈസൻസ് അപേകഷ, ഫീസ് പിരിവ്, ലൈസൻസ് നൽകൽ എന്നിവ സഞ്ചയ ഓൺലൈൻ മോഡ്യൂൾ മുഖേനയാണ് നിർവ്വഹിക്കുന്നത്. നഗരസഭയിലെ സ്ഥാപനങ്ങളുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതും സഞ്ചയയിൽ നിരീക്ഷണ സംവിധാനം ഇല്ലാത്തതും ലൈസൻസ് എടുക്കാതെ പ്രവ്യത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വരുന്നുണ്ട്. സഞ്ചയ മുഖേന ഓൺലൈൻ ആയി ഒടുക്കുന്ന തുക നേരിട്ട് നഗരസഭയുടെ അക്കൗണ്ടിലേക്ക് വരവു വയ്ക്കുന്നില്ല. ഐ.കെ.എം ന്റെ അക്കൗണ്ടിൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി അധികൃതർ അറിയിച്ചു.

സാങ്കേതിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ നഗരസഭ മുൻകൈ എടുക്കേണ്ടതാണ്.

## 1-18-2 ലൈസൻസ് ഫീ -കുടിശ്ശിക തുക ഈടാക്കേണ്ടതാണ്

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ തൻവർഷം 10,300/- രൂപയും, മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 1,74,359/- രൂപയും കുടിശ്ശിക തുകയായി നഗരസഭയ്ക്ക് ലഭിക്കാനുണ്ട്. കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടകൾ അറിയിക്കേണ്ടതാണ്.

## 1-18-3 MSME സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല

വ്യവസായ വാണിജ്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം ഷൊർണ്ണൂർ നഗരസഭയിൽ 457 സ്ഥാപനങ്ങൾ MSME വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഒരു കെട്ടിടത്തിന് മാത്രമാണ് MSME കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ടി സ്ഥാപനങ്ങൾ നഗരസഭയുടെ ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (18, 25-7-22)മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

നഗരസഭയും വാട്ടർ അതോറിറ്റിയും ചേർന്നുള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന ഭാഗികമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടും കൃത്യമായ എണ്ണത്തിനനുസൃതമായല്ല നിലവിലും വാട്ടർ അതോറിറ്റി ഡിമാന്റ് വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. സാമ്പത്തിക സ്ഥിതി മോശമായതിനാൽ നഗരസഭ പ്രതിമാസം ഒടുക്കേണ്ട വെള്ളക്കരം ഒടുക്കാതിരിക്കുന്നതിനാൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭയ്ക്ക് വൻ തുക ബാധ്യതയായി നിലനിൽക്കുന്നുണ്ട്.

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വെള്ളക്കരം ഇനത്തിൽ നഗരസഭ തുകയൊന്നും ജലഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടില്ല. 31.03.2021 ലെ കുടിശ്ശിക 18.15 കോടി രൂപയാണ്.

ഡിമാന്റിന്റെ വിശദാംശം

ആകെ 842 പൊതുടാപ്പുകൾക്കാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുള്ളത്. ടാപ്പൊന്നിന് 7884 രൂപയാണ് പ്രതിമാസ നിരക്ക്. ഓരോ മാസവും അതത് മാസങ്ങളിലെ നീക്കിയിരിപ്പ് തുകയുടെ 2% പിഴയോട്ട കൂടിയാണ് ആകെ തുക കണക്കാക്കുന്നത്. 31.03.2021 ലെ കുടിശ്ശിക 18.15 കോടി രൂപയും 08.07.2022 ലെ കുടിശ്ശിക 25.86 കോടി രൂപയുമാണ്. ഈ തുകയിൽ 30.06.22 വരെയുള്ള കുടിശ്ശിക 25.31 കോടി രൂപയും തൻമാസത്തെ വെള്ളക്കരം 609889 രൂപയും തൻമാസത്തെ പിഴ 4964235 രൂപയും ഉൾപ്പെടുന്നു.

സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ

നഗരസഭാ കൗൺസിൽ വർഷങ്ങൾക്കു മുമ്പ് തന്നെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതോ വെള്ളം ലഭിക്കാത്തതോ ആയ ടാപ്പുകൾക്കും വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുള്ളതായും ആയതിനാൽ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് കൊണ്ട് നിരന്തരം വാട്ടർ അതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പട്ടതിനെ തുടർന്ന് 06.03.2021, 08.03.2021 തീയതികളിൽ നഗരസഭയും ജല അതോറിറ്റിയും ചേർന്ന് 13 വാർഡുകളിലെ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും വാട്ടർ അതോറിറ്റി ഷൊർണ്ണൂർ സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ 21.06.2021 ലെ നം. ഡി1493/97 കത്ത് പ്രകാരം പരിശോധന നടത്തിയ 13 വാർഡുകളിൽ ആകെ 179 ടാപ്പുകൾ മാത്രമാണുള്ളതെന്നും അവയിൽ ആകെ 131 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായതെന്നും കണ്ടെത്തിയിട്ടുണ്ട്. 33 വാർഡുകളിൽ 13 എണ്ണത്തിൽ മാത്രമാണ് സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്. 20 വാർഡുകളിൽ കൂടി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തിയതിനുശേഷമുള്ള ബില്ലുകളിലും 842 പൊതുടാപ്പുകൾക്ക് തന്നെ വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുണ്ട്. ഈ വിവരം നഗരസഭ പലതവണ വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

തുക അടവാക്കിയതിന്റെ വിവരം

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വെള്ളക്കരം ഇനത്തിൽ നഗരസഭ തുകയൊന്നും ജലഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടില്ല. കുടിശ്ശിക തുകയുടെ വർഷം തിരിച്ചുള്ള കണക്കും നഗരസഭയിൽ ലഭ്യമല്ല.

മുൻവർഷങ്ങളിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആകെ 1.09 കോടി രൂപ അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക നിലവിലെ കുടിശ്ശിക ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കിയതിന് രേഖകളില്ല. മുൻവർഷങ്ങളിൽ അടവാക്കിയ വെള്ളക്കരത്തിന്റെ വർഷം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 2005-06 | 2917080 |
| 2006-07 | 850518 |
| 2007-08 | 659400 |
| 2009-10 | 1373015 |
| 2011-12 | 2303491 |
| 2013-14 | 1136500 |
| 2015-16 | 966084 |
| 2016-17 | 698000 |
| ആകെ | 10904008 |

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കൃത്യമായ വിവരം ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയോട്

ആവശ്യപ്പെടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു ണ്ടെങ്കിലും പൂർത്തിയായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. അടവാക്കിയ തുക ഒഴിവാക്കിയതിനു ശേഷമുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക വിവരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. എല്ലാ വാർഡുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കി കൃത്യമായ എണ്ണത്തിനനുസൃതമായുള്ള തുക കണക്കാക്കി ആയത് ഓരോ മാസവും കുടിശ്ശികയില്ലാതെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ജല അതോറിറ്റിയുടെ ഭാഗത്തു നിന്നുള്ള നിസ്സഹകരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

4. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ യഥാർത്ഥ കുടിശ്ശിക കണക്കാക്കി നിലവിൽ ഡിമാന്റ് ചെയ്തിട്ടുള്ള തുക കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. കുടിശ്ശികയിലും പലിശയിലും ഇളവു ലഭിക്കുന്നതിനും ഘട്ടം ഘട്ടമായി തുക ഒടുക്കുന്നതനുമുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ കൗൺസിൽ മുൻകൈ എടുക്കേണ്ടതും നിലവിലെ ബാധ്യത ഒഴിവാക്കേണ്ടതുമാണ്.

5. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ നിലവിലുണ്ടെന്നു കണ്ടെത്തിയ പ്രദേശങ്ങളിൽ ഘട്ടംഘട്ടമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതും പൊതുടാപ്പുകൾ നിർത്തലാക്കാവുന്നതുമാണ്.

6. എല്ലാ ജലസ്രോതസ്സുകളുടെയും നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനും പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ശ്രമം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 24/26.07.22-മറുപടി ലഭ്യമായിട്ടില്ല)

1-20 നഗരസഭയുടെ പെൻഷൻ ഫണ്ട് സൂക്ഷിപ്പ്

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടതും ചട്ടം 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ലഭ്യമായത് വരവ് വെക്കുന്നതിന് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ്.ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയ്ക്ക് ചട്ട പ്രകാരമുള്ള തുക എല്ലാ മാസങ്ങളിലും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് സാധിച്ചിരുന്നില്ല. കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിലും 2018 ഓഗസ്റ്റ് മാസം മുതൽ പെൻഷൻ കോൺട്രി ബ്യൂഷൻ തുക കൃത്യമായി അടവാക്കി വരുന്നുണ്ട്.

നഗരസഭയിലെ സ്ഥിരം ജീവനക്കാരുടെ പെൻഷൻ തുക നഗരകാര്യ ഡയറക്ടറിൽ നിന്നും അലോട്ട്മെന്റ് ആയി കൃത്യമായി ലഭിക്കുന്നില്ല. വിരമിക്കുന്ന ജീവനക്കാരന്റെ പെൻഷൻ തുക നഗരസഭ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും തുടർന്ന് പെൻഷൻ ഫണ്ടിൽ നിന്നും റീ ഇംപേഴ്സ് ചെയ്യുന്നതുമാണ് എന്ന ഉത്തരവ് പ്രകാരം നഗരസഭ തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകുന്ന രീതിയാണ് നിലവിലുള്ളത്.

താരതമ്യേന തനതു വരുമാനം കുറവായ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ആയി ഒടുക്കേണ്ട തുക കൂടി ഉൾപ്പെടുത്തിയാണ് പ്രതിമാസ പെൻഷൻ നൽകി വരുന്നത്. എന്നാൽ മുൻവർഷത്തെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

എ) റഗുലർ പെൻഷൻ

| ക്രമ നം. | 31.03.2021വരെയുള്ള റെഗുലർ പെൻഷൻ വിശദാംശം | തുക |
|---|---|---|
| 1 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കാനുള്ള തുക | 11845803 |
| 2 | 2020-21വർഷത്തിൽ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച തുക | 0 |
| 3 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ ഒടുക്കേണ്ട തുക (മുൻവർഷങ്ങളിലെ കുടിശ്ശിക).<br>2018 ഓഗസ്റ്റ് മുതൽ കുടിശ്ശിക ഇല്ല. | 592007/- |
| 4 | സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭ അടയ്ക്കേണ്ട തുകയിൽ അലോട്ട് മെന്റായി നഗരസഭയ്ക്ക് അനുവദിച്ച തുകയും കഴിച്ച് പെൻഷൻ ഫണ്ടായി നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക | 11441498/- |
| 5 | പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ അവശേഷിക്കുന്ന തുക | 500000/- |

റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനങ്ങളിൽ മേൽ കാലയളവിൽ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ബി) കണ്ടിൻജന്റ് പെൻഷൻ ഫണ്ട് വിവരങ്ങൾ

| | |
|---|---|
| 2020-21 വർഷത്തിൽ കണ്ടിജന്റ് പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക | 968716 |
| കണ്ടിജന്റ് പെൻഷൻ ഫണ്ടിൽ നിന്ന് ലഭ്യമായ തുക | 0 |
| പെൻഷൻ ഫണ്ടിനത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന തുക | ഇല്ല |
| കണ്ടിജന്റ് പെൻഷൻ നൽകുന്നതിനായി വർഷത്തിൽ ചെലവഴിച്ച തുക | 6031031 |
| കണ്ടിജന്റ് പെൻഷൻ ഇനത്തിൽ പെൻഷണർമാർക്ക് ആകെ നൽകുവാൻ<br>അവശേഷിക്കുന്ന തുക (30.03.2021) | 1332083 |

മേൽ വിരങ്ങൾ നഗരകാര്യവകുപ്പ് ഡയറക്ടർ വഴി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടുണ്ട്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം, ഡാറ്റാബേസ് സൂക്ഷിപ്പ്- കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല

നഗരസഭയിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം, വിവിധ കാരണങ്ങളാൽ അർഹത നഷ്ടപ്പെടുന്നവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ 23.09.2020 ലെ സ.ഉ(എം.എസ്.)നം.97/2020/ഫിൻ ഉത്തരവിനെ മുൻനിർത്തി പരിശോധിച്ചു. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്നു പരിശോധിച്ച് യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല.

സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും 2019-ലെ 2 വോള്യം മരണ രജിസ്റ്ററുകളും ഒത്തു നോക്കി പരിശോധിച്ചതിൽ മരണപ്പെട്ട പലരും നിലവിലും പെൻഷൻ ഡാറ്റാ ബേസിൽ ആക്ടീവ് ആയി തുടരുന്നു എന്നു കണ്ടെത്തി.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ആധാർ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം. |
|---|---|---|---|---|---|
| 1 | 491647818662 | കല്യാണി, പാറക്കളം കല്ലിപ്പാടം | കർഷക തൊഴിലാളി പെൻഷൻ | 30.04.19 | 105/19 |
| 2 | 356168888307 | കറുപ്പൻ, നെച്ചിക്കോട്ട് പറമ്പിൽ | വാർദ്ധക്യ കാല പെൻഷൻ | 25.04.19 | 106/19 |
| 3 | 440262905016 | നീലി, വെള്ളാലി കുന്നത്ത് , കവളപ്പാറ | വാർദ്ധക്യ കാല പെൻഷൻ | 08.10.2019 | 193/19 |
| 4 | 674591062227 | കുഞ്ഞിലക്ഷ്മി അമ്മ | വാർദ്ധക്യ കാല പെൻഷൻ | 16.10.2019 | 197/19 |

അനർഹരായ ഗുണഭോക്താക്കൾ പെൻഷൻ ഡാറ്റാബേസിൽ ആക്ടീവ് ആയി തുടരുമ്പോൾ ഓരോ മാസവും അത്രയും പേർക്കുള്ള പെൻഷൻ തുക മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന പൊതുഫണ്ടിൽ നിന്നും മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ പെൻഷൻ ഗുണഭോക്താക്കളുടെ വിവരം കൃത്യമാക്കി സൂക്ഷിക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്.

സിവിൽ രജിസ്ട്രേഷൻ സംബന്ധമായി അന്വേഷണം നടത്തുന്ന ഘട്ടങ്ങളിൽ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ എന്ന വിവരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഡാറ്റാബേസ് കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനർഹർക്ക് വിതരണം ചെയ്ത പെൻഷൻ തുക തിരികെ ഈടാക്കിയത് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

ഏതാനും പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം ബന്ധുക്കൾ അറിയിച്ചതിനെ തുടർന്ന് ഈ വ്യക്തികളുടെ പെൻഷൻ നഗരസഭ റദ്ദ് ചെയ്യുകയും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബാങ്ക് അക്കൗണ്ടുകൾ വഴി പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കാണ് അധികം തുക നൽകിയിരിക്കുന്നത്. ഇവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ ചേർ ക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഗുണഭോക്താവ് മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച മാസങ്ങൾ | ആകെ തിരികെ ഈടാക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ബാലചന്ദ്രൻ, വാക്കാട്, കല്ലിപ്പാടം | 102060 200986 | 07.04.20 | 5/20 | 1600 | രസീത് നം 01/122180 101778 തീയതി 24.05.22 പ്രകാരം നഗരസഭ യിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അടവാക്കി യിട്ടുണ്ട്. |
| 2. | പി.ചന്ദ്രശേഖരൻ, ബേബി നിവാസ് , കാരക്കാട് | 102060 201412 | 16.11.20 | 12/20, 1/20 | 3200 | - |
| 3. | കാർത്യായനി അമ്മ | 102060 202231 | 14.01.20 | 2/20 മുതൽ 1/2022 വരെ | 35000 | - |
| 4. | ബാലചന്ദ്രൻ.കെ.കെ | 102060 200927 | 21.01.21 | 2/21 മുതൽ 1/22 വരെ | 19000 | രസീത് നം. 01/121180 110017 തീയതി 21.03.2022 പ്രകാരം 20600 രൂപ നഗരസഭ യിൽ അടവാക്കി യിട്ടുണ്ട്. |
| 5. | സുബ്രഹ്മണ്യൻ, കുണ്ടികാട്ടു പറമ്പിൽ | 102060 600424 | 02.03.18 | 3/18 മുതൽ 6/2019 വരെ | 16900 | - |
| 6 | ടി.കെ.അസീസ് | 102060 201375 | 07.12.21 | 12/21 മുതൽ 4/22 വരെ | 8000 | - |
| 7. | കൃപാലിനി.പി.കെ | 102060 200245 | 11.03.22 | 4/22 | 1600 | - |
| 8 | ഗോവിന്ദൻകുട്ടി | 102060 201643 | 21.05.20 | 6/20 മുതൽ 5/22 വരെ | 37400 | - |

ഓഡിറ്റ് അന്വേഷണം നം. 15/25.07.22 ന് മറുപടി നൽകിയതു പ്രകാരം ഈടാക്കിയ എല്ലാ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (Ifsc Ksbk0000101) തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കാത്തവർക്ക് തുടർ അറിയിപ്പ് നൽകി തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരം പ്രത്യേകം പരിശോധിച്ച് കാലികമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരം സേവന സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഡയറക്ട് ടു ഹോം ആയി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ Deceased എന്ന രേഖപ്പെടുത്തുന്ന പെൻഷണർമാരെ അതത് മാസം തന്നെ അന്വേഷണം നടത്തി ഡാറ്റാബേസിൽ

നിന്നും നീക്കം ചെയ്യേണ്ടതാണ്.

3. ജനന മരണ രജിസ്ട്രേഷൻ സോഫ്റ്റ് വെയറും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സേവന സോഫ്റ്റ്വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻവിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണ റിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലി പരിഷ്കരിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്.

തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-22 നെൽകൃഷിക്ക് ഉഴവുകൂലി - ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ലഭ്യമാക്കിയില്ല

പ്രൊജക്ട് - നെൽകൃഷി വികസന പദ്ധതി

അടങ്കൽ - 3096000 (വികസനഫണ്ട് ജനറൽ)

ചെലവ് - 3096000

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനുമായി 14 പാടശേഖരസമിതികളുടെ കീഴിലായി രജിസ്റ്റർ ചെയ്ത കർഷകരുടെ 331.9 ഹെക്ടറിലെ നെൽകൃഷിക്ക് ഹെക്ടറിന് 10000 രൂപയും വിത്തിനുള്ള തുകയും നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ഉഴവുകൂലി വിതരണവുമായി ബന്ധപ്പെട്ട് വെബ് സാംഖ്യയിൽ നിന്നുള്ള ബില്ലിന്റെ ക്രെഡിറ്റ് സ്റ്റാറ്റസ് പരിശോധിച്ചതിൽ പല കർഷകരുടെയും അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യപ്പെടാതെ Return To Govt. Account എന്ന സ്റ്റാറ്റസാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | IFSC കോഡ് | ബാങ്ക് അക്കൗണ്ട് നം. | ബിൽ നം./ തീയതി/ ബിൽ തുക | തുക |
|---|---|---|---|---|---|
| 1 | അലി | UTIBO SPKD21 | 01701010006777 | 9/ 08.03.21/ 322028 | 7787 |
| 2 | ചിന്നമ്മു അമ്മ | SBIN 0000760 | 67093288978 | ,, | 920 |
| 3 | ശ്രീധരൻ.ടി.പി | SBIN 0070787 | 67093693248 | 13/ 8.03.21/ 522360 | 1699 |
| 4 | ഉണ്ണികൃഷ്ണൻ. പി | UTIBO SPKD21 | 01701010006230 | ,, | 2053 |
| 5 | ഉഷ | IOBS 0002489 | 6532502809 | ,, | 2053 |
| 6 | വിജയലക്ഷ്മി | SBIN 0070787 | 67328293204 | ,, | 2690 |
| 7 | രാധാകൃഷ്ണൻ | PUNB 0430200 | 43020088000 42256 | 12/20-21 /8.03.21 /604693 | 10194 |
| 8 | രാജൻ | UTIBO SPKD21 | 01701010007024 | ,, | 1016 |
| 9 | ശാന്ത | UTIBO SPKD21 | 01701010003089 | ,, | 1557 |
| 10 | സരസ്വതി | CNRB 0000719 | 0719108037294 | ,, | 3681 |

| | | | | | |
|---|---|---|---|---|---|
| 11 | സരസ്വതി.കെ | SBIN 0000760 | 10347606093 | ,, | 3540 |
| 12 | ശരത് ശരവണൻ | SBIN 0000760 | 794585074871 | ,, | 3398 |
| 13 | ഷിബു | SBIN 0000760 | 665890813384 | ,, | 1699 |
| 14 | ഷൈജ.ടി | CNRB 0000719 | 0719795017535 | ,, | 3823 |
| 15 | ശിവാനന്ദൻ | PUNB 0430200 | 4302000100075608 | ,, | 1841 |
| 16 | കുഞ്ചാലൻ. കെ | SBIN 000760 | 67093167022 | 11/ 08.03.21/ 542253 | 1345 |
| 17 | മാധവി.ടി | SBIN 0000760 | 300830010768 | ,, | 3964 |
| 18 | മൊയ്തീൻ | KLGB 0040284 | 4072037412426 | ,, | 2053 |
| 19 | മുഹമ്മദ് അലി.എസ് | SBIN 0007397 | 106110009121 | ,, | 5097 |
| 20 | പത്മനാഭൻ. കെ | CNRB 0000719 | 071910101007784 | ,, | 1557 |
| 21 | രാധാകൃഷ്ണൻ കെ | UTIBO SPKD21 | 01706200000131 | ,, | 2832 |
| 22 | ഗോപാലൻ | SBIN 0070787 | 67093466464 | 10/ 8.03.21 | 1557 |
| 23 | ഹസ്സൻ | PUNB 0430200 | 430200100012423 | ,, | 3540 |
| 24 | ജയകുമാർ | CNRB 0002554 | 718317248595 | ,, | 2194 |
| 25 | കണ്ണൻ.ടി | KLGB 0040284 | 40284131002689 | ,, | 3115 |
| 26 | കൃഷ്ണചന്ദ്രൻ | UTIB OSPKD21 | 01701010006031 | ,, | 2761 |
| 27 | കൃഷ്ണൻ നമ്പൂതിരി.പി | UTIB OSPKD21 | 01701010004156 | ,, | 4672 |
| 28 | കൃഷ്ണദാസ് | UTIB OSPKD21 | 01701010004767 | ,, | 1699 |
| 29 | കൃഷ്ണൻകുട്ടി | UTIB OSPKD21 | 01701010003932 | ,, | 1133 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് ഉഴവുകൂലിയിനത്തിൽ അർഹതപ്പെട്ട തുക ലഭ്യമാകാതെ Return To Govt. എന്ന് സാംഖ്യയിൽ സ്റ്റാറ്റസ് കാണുന്നതിനുള്ള കാരണം, തുക പിന്നീട് ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലാത്തപക്ഷം തുക ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (നം.18/25.07.22) നൽകിയതിന്, ഗുണഭോക്താക്കൾ മരണപ്പെട്ടതുകൊണ്ടോ അക്കൗണ്ട് ക്ലോസ് ചെയ്തതു കാരണമോ അക്കൗണ്ട് നമ്പറിലുള്ള പിശക് കാരണമോ ആണ് സ്റ്റാറ്റസിൽ ഇപ്രകാരം കാണപ്പെടുന്നത് എന്നും പാടശേഖര സമിതി മുഖാന്തിരം അറിയിപ്പ് നൽകിയിട്ടും രേഖകൾ ലഭിക്കാത്തതിനാലാണ് കറക്റ്റ് ചെയ്യാൻ കഴിയാത്തതെന്നും അറിയിച്ചു.

ധനസഹായത്തിന് അർഹതയുള്ള ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാത്തത് മോണിറ്ററിംഗിന്റെയും പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അനന്തര നടപടികളുടെയും അഭാവമായി കരുതുന്നു.

ഓഡിറ്റ് നിർദേശം

ബിൽ പ്രകാരം ചെലവായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക നിലവിൽ ഏത് ഹെഡിലാണുള്ളതെന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പാക്കി തുക ഗുണഭോക്താവിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗുണഭോക്താക്കൾ മരണപ്പെട്ടത്, അക്കൗണ്ട് ക്ലോസ് ചെയ്തത് എന്നീ വിഷയങ്ങളിൽ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹണ ഉദ്യോഗസ്ഥൻ ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി ഗുണഭോക്താവിന് അർഹതപ്പെട്ട തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 എ ബി സി പ്രോഗ്രാം - കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് - 29/21, എ ബി സി പ്രോഗ്രാം
അടങ്കൽ - 500000 (വികസനഫണ്ട് ജനറൽ)
ചെലവ് - 500000
ബിൽ നം. - 01/20-21 തീയതി 16.07.20
നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പാലക്കാട് ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സംയുക്തമായി 2015-16 വർഷം മുതൽ ജില്ലയിൽ ABC പ്രോഗ്രാം നടപ്പാക്കി വരുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഡെപ്യൂട്ടി ഡയറക്ടർ(മൃഗസംരക്ഷണം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന എ.ബി.സി പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

- തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് നിയന്ത്രിക്കുക.
- പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക.
- ജന്തുജന്യരോഗം നിയന്ത്രണവിധേയമാക്കുക.
- ജനങ്ങൾക്ക് സ്വൈര്യ സഞ്ചാരം സാധ്യമാക്കുക.
- റോഡ് അപകടങ്ങൾ കുറയ്ക്കുക.
- ഓരോ യൂണിറ്റും പ്രതിമാസം കുറഞ്ഞത് 200 ശസ്ത്രക്രിയ നടത്തണം.

മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നായ്ക്കളെ കണ്ടെത്തി പിടിക്കുക, വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുക, പരിപാലന കാലയളവിനുശേഷം തിരികെ അതാത് സ്ഥലങ്ങളിൽ കൊണ്ടു വിടുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും വിവിധ കേന്ദ്രങ്ങളിൽ നടന്നു വരുന്നത്. തൻവർഷം എ.ബി.സി പ്രോഗ്രാമിനായി 500000 രൂപ നഗരസഭാ വിഹിതമായി ജില്ലാ പഞ്ചായത്തിലേക്ക് (അക്കൗണ്ട് നം. 799011400002200) കൈമാറിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് ശരാശരി 1500/- രൂപയാണ് പ്രോജക്ടു പ്രകാരം ചെലവ് നിശ്ചയിച്ചിരിക്കുന്നത്. കൈമാറിയ വിഹിതം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നഗരസഭാ പ്രദേശത്ത് നടന്നിട്ടുണ്ടോ എന്നതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് അന്വേഷണം നം. 20/25.07.2022 പ്രകാരം ആവശ്യപ്പെട്ടതിന് ജില്ലാപഞ്ചായത്തിന് വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക മുഴുവനായും വിനിയോഗിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
3. വിനിയോഗിക്കാത്തപക്ഷം തുക തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ജനകീയ ഹോട്ടൽ - റിവോൾവിംഗ് ഫണ്ട് നൽകിയത് - കരാർ ചമച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 236/21, വിശപ്പ് രഹിത കേരളം - ജനകീയ |

| | |
|---|---|
| | ഹോട്ടൽ |
| നിർവ്വഹണം | പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജനം |
| അടങ്കൽ | 610320 (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 204024 രൂപ |
| ബിൽ നം., തീയതി, തുക | 2/22.04.2020 - 266800<br>12/19.02.2021 – 165300 |

മേൽ പദ്ധതി പ്രകാരം ഓട്ടുപ്പാറ വനിത കാന്റീൻ (അക്കൗണ്ട് നം. 34021781191), സ്നേഹ ദീപം (അക്കൗണ്ട് നം. 31197177574) എന്നീ ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ 30000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. ഹോട്ടലുകളുടെ പ്രവർത്തനം നിലയ്ക്കുകയാണെങ്കിൽ റിവോൾവിംഗ് ഫണ്ടായി നൽകിയ തുക തിരികെ ഈടാക്കുവാനുള്ള സാധ്യത ഇല്ലാതാകുന്നതാണ്.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, വാടക, വൈദ്യുതി-വാട്ടർ ചാർജ്ജ്, അറ്റകുറ്റ പണികൾ എന്നിവയ്ക്കായും കൂടാതെ ഐ ആർ ടി സി മുഖേന ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിനായും തുക ചെലവഴിച്ചിട്ടുണ്ട്.

തൻവർഷത്തെ ചെലവ് താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 46/08.01.2021 | 60000 | റിവോൾവിംഗ് ഫണ്ട് |
| 2 | 50/29.03.2021 | 10691 | വിവിധ ചെലവുകൾ |
| 3 | 51/29.03.2021 | 133333 | ഐ.ആർ.ടി.സി മുഖേന ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് |
| | ആകെ | 204024 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/26.07.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ജനകീയ ഹോട്ടലുകളുമായി കരാർ ചമയ്ക്കേണ്ടതും ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുവാനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഹോട്ടലുകളുടെ പ്രവത്തനം ഇല്ലാതാകുന്നപക്ഷം റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 എസ്.സി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 160/21, എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി |
| നിർവ്വഹണം | എസ്.സി ഡെവലപ്മെന്റ് ഓഫീസർ |
| അടങ്കൽ | 2000000 (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 725000 രൂപ |

10 എസ്.സി വിദ്യാർത്ഥികൾക്ക് അവരുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതി നായി 2 ലക്ഷം രൂപയുടെ പഠന മുറി നിർമ്മിക്കുന്നതിനായി ധനസഹായം നൽകുകയാണ് പദ്ധതി ലക്ഷ്യം.

താഴെ പറയുന്ന വിദ്യാർത്ഥികൾ നാളിതു വരെ പഠന മുറി നിർമ്മാണം പൂർത്തീകരിക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം./ തീയതി | തൻവർഷം കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സ്വാതിഷ, D/o സുന്ദരൻ, ചെമംകുന്നത്ത് | 14/20-21 /25.02.21 | 50000 | 75000 രൂപ 13.08.2021 ലും 50000 രൂപ |

| | | | | |
|---|---|---|---|---|
| | | | | 11.01.2022 ലും നൽകിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | ശ്രീഹരി.കെ.പി, S/o. മണികണ്ഠൻ, കൊടക്കാട് പറമ്പിൽ | 1) 22/ 9.03.21<br>2) 25/ 18.03.21 | 1) 50000<br>2) 75000 | 50000 രൂപ 10.12.2021 നൽകിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3 | സഞ്ജയ് വി.കെ, S/o കൃഷ്ണൻകുട്ടി, വെള്ളത്താൻ മാരിയിൽ | 22/09.03.21 | 50000 | 75000 രൂപ 10.12.2021 ലും 50000 രൂപ 01.01.2022 ലും നൽകിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം 31.03.2021 ന് മുമ്പായി പഠന മുറി നിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വിദ്യാർത്ഥികൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിക്കുകയോ അവസാന ഗഡു തുക കൈപ്പറ്റുകയോ ചെയ്യാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/26.07.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

മേൽ വിദ്യാർത്ഥികൾ മൂന്നാമത്തെ ഗഡു തുകയും കൈപ്പറ്റിയിട്ടും നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-26 വൃദ്ധർക്ക് കട്ടിൽ വിതരണം - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 321/21, വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി) |
| നിർവ്വഹണം | എസ്.സി ഡെവലപ്മെന്റ് ഓഫീസർ |
| അടങ്കൽ | 674250 ( വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 432100 |
| ബിൽ നം., തീയതി, തുക | 2/20-21, 22.04.2020, 266800<br>12/20-21, 19.02.2021, 165300 |

മേൽ പദ്ധതി പ്രകാരം വദ്ധർക്കുള്ള കട്ടിലുകൾ ജാസ് ഇൻഡസ്ട്രീസ്, എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക |
|---|---|---|
| 1 | JI/024/18.03.2020 | 266800 |
| 2 | JI/010/01.02.2021 | 165300 |
| | ആകെ | 432100 |

അക്കൗണ്ട് നം. - 2013375380 (കോട്ടക്ക് മഹീന്ദ്ര ബാങ്ക്)

GST IN - 32AAOFJ5533D1ZK

സി.ജി.എസ്.ടി ആക്ട്, 2017, കെ.ജി.എസ്.ടി ആക്ട്, 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/26.07.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി-ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് | 3/21-അങ്കണവാടി പോഷകഹാരം (ജനറൽ) |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 3600000 രൂപ |
| ചെലവ് | 1624460 രൂപ |
| ബിൽ നമ്പർ | 3/21, 10-05-20, 275046<br>6/21,28-09-20, 1085609 |

മേൽ പദ്ധതി പ്രകാരം അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് പൗർണ്ണമി അമൃതം ഫുഡ്സ്, കവളപ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | ജി.എസ്.ടി ഒഴികെയുള്ള തുക |
|---|---|---|
| 1 | 226/28-11-2019 | 70875 |
| 2 | 229/30-12-2019 | 62790 |
| 3 | 240/20-04-2020 | 76230 |
| 4 | 242/22-05-2020 | 85680 |
| 5 | 245/28-06-2020 | 85680 |
| 6 | 247/24-07-2020 | 107380 |
| ആകെ | | 488635 |

അക്കൗണ്ട് നമ്പർ- കാനറാ ബാങ്ക്, 2554261002390

GST IN- AAOFP8529RIZB

സി.ജി.എസ്.ടി ആക്ട് 2017, കെ.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.6/23-7-22 ന് മറുപടി ലഭ്യമായില്ല.

ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ബില്ലുകൾ നൽകുമ്പോൾ നിയമാനുസൃത കുറവുകൾ വരുത്തുവാൻ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.
ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 അങ്കണവാടികളിലേക്ക് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് അമൃതം ഫുഡ്സ് ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല

നഗരസഭയിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്ന അമൃതം ഫുഡ് സപ്ലിമെന്റ് പൗർണ്ണമി അമൃതം ഫുഡ്സ്, കവളപാറ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ന്യൂടിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

| നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ | | | | | |
|---|---|---|---|---|---|
| പ്രൊജക്ട് നമ്പർ 4/21 | അനുപൂരക പോഷകാഹാര പദ്ധതി | പ്രൊജക്ട് നമ്പർ 3/21 | അങ്കണവാടി പോഷകാഹാരം (ജന റൽ) | പ്രൊജക്ട് നമ്പർ 383/21 | അങ്കണവാടി പോഷകാഹാരം (ജനറൽ, സ്പിൽ ഓവർ) |
| അടങ്കൽ- | 500000 (എസ്. സി.പി) | അടങ്കൽ- | 3600000 | അടങ്കൽ- | 2238930 |
| ചെലവ് | 494241 | ചെലവ് | 2320429 | ചെലവ് | 993208 |

സാമൂഹ്യ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്നും സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില അവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/ 3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്ന നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ ഭാരത സർക്കാരിന്റെ ചെന്നൈയിലുള്ള റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി യിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്.
ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിനായി സാമ്പിൾ അയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധന റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/23-7-22 ന് മറുപടി ലഭ്യമായില്ല.
പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-29 നഗരസഭയിലെ ഹരിത കർമ സേന – ഘടനയും പ്രവർത്തനവും - അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും മറ്റ് അനവധി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

ഷൊർണ്ണൂർ നഗരസഭയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഹരിതകർമ്മ സേനയുടെ പ്രവർത്തനവും യൂസർ ഫീയും

നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിത സ്പർശം എന്ന പേരിലുള്ള ഹരിത കർമ സേന 6 ഗ്രൂപ്പുകളായാണ് പ്രവർത്തിക്കുന്നത്. നഗരസഭയിലെ 33 വാർഡുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ച് വരുന്നുണ്ട്.

ഓരോ വീടുകളിൽ നിന്നും യൂസർഫീ ഇനത്തിൽ 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 150 രൂപയുമാണ് ഈടാക്കുന്നത്.

12589 വീടുകളും 1722 കച്ചവട-വാണിജ്യ സ്ഥാപനങ്ങളുമുള്ള നഗരസഭയിൽ യൂസർഫീ ഇനത്തിൽ പരിമിതമായ തുക മാത്രമാണ് പിരിച്ചെടുക്കുവാൻ സാധിക്കുന്നത്. 16% വീട്ടുകാരും 15% കച്ചവടക്കാരും മാത്രമാണ് യൂസർഫീ നൽകുന്നത്.

വാർഡുകളിൽ നിന്നും കലണ്ടർ അടിസ്ഥാനത്തിലാണ് അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വരുന്നത്. യൂസർഫീ ആയി ലഭിക്കുന്ന തുകയും സ്ക്രാപ്പ് വിൽക്കുന്ന ഇനത്തിൽ ലഭിക്കുന്ന തുകയും ബാങ്കിൽ നിക്ഷേപിച്ചാണ് ഹരിത കർമസേനാംഗങ്ങൾക്ക് വേതനം നൽകി വരുന്നത്. 2020 ഒക്ടോബർ മുതൽ 2021 മാർച്ച് വരെ Viabiligy Gap Fund ഉം അനുവദിച്ചിട്ടുണ്ട്.

മറ്റ് സൗകര്യങ്ങൾ

നഗരസഭയിൽ പുതുതായി പണികഴിപ്പിച്ച ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഹരിത കർമ സേനാംഗങ്ങൾക്ക് ബെയ്‌ലിംഗ് മെഷീൻ, സെഗ്രിഗേഷൻ ടേബിളുകൾ, ചെയറുകൾ, ഷ്രെഡിംഗ് മെഷീൻ മുതലായ സൗകര്യങ്ങൾ ഏർപ്പടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ സുരക്ഷാ ഉപാധികൾ, ഗ്ലൗസ്, ഗംബൂട്ട്, മാസ്ക്, സാനിറ്റൈസർ, ഹാൻഡ് വാഷ്, റെയിൻകോട്ട് മുതലായവ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് MCF ൽ എത്തിക്കുന്നതിനായി 2 ഇലക്ട്രിക് ഓട്ടോകൾ നൽകിയിട്ടുണ്ട്. വാഹനങ്ങൾ ഓടിക്കുവാൻ ഹരിത കർമ സേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഹരിത കർമസേനയുടെ പ്രവർത്തനം ഊർജിതമാക്കുവാനായി ശുചിത്വ മിഷനും കെൽട്രോണുമായി സഹകരിച്ച് ഹരിതമിത്രം സ്മാർട് ഗാർബേജ് ആപ്പ് നടപ്പിലാക്കാനുള്ള പരിശീലന പരിപാടികൾ നഗരസഭയുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്.

പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി (പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ) നഗരസഭ അംഗീകരിച്ചിട്ടില്ല. ആയത് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വരവ്-ചെലവ്

2018 ഒക്ടോബർ മുതൽ 2020 ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം വിവിധയിനങ്ങളിലായി 1626592 രൂപയുടെ വരവും 1651880 രൂപയുടെ ചെലവുമാണുള്ളത്.

ഒക്ടോബർ 2020 മുതലൽ മാർച്ച് 2021 വരെ 5.64 ലക്ഷം രൂപ യൂസർ ഫീ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ട താണ്.
2. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ്

സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

4. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
5. യൂസർഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി നഗരസഭ ഇടപെടേണ്ടതാണ്. ഇതിനായി ബോധവത്ക്കരപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
6. ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികരിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മാലിന്യ സംസ്കരണ മേഖലയിൽ സഹായം നൽകുന്നതിനായി നിയോഗിച്ച ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഫലപ്രദമായില്ല

ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ വെള്ളം, വൃത്തി, വിളവ് എന്നിവ ലക്ഷ്യം വെച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതുവഴി അജൈവ മാലിന്യ ശേഖരണം, സംസ്കരണം എന്നിവയിലൂടെ നഗരസഭയെ മാലിന്യ മുക്തമാക്കുന്നതിനുമായി ഹരിതസഹായ സ്ഥാപനങ്ങളെ നിയമിക്കുന്നതിനും അവരുമായി കരാറുടമ്പടി വെക്കുന്നതിനും 09.02.2018-ലെ സ.ഉ(സാധാ)നം.407/2018/ത.സ്വ.ഭ.വ, 01.03.2019-ലെ സ.ഉ(സാധാ)നം.471/ 2019/ ത.സ്വ.ഭ.വ. എന്നിവ പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കോഴിക്കോട് അടിസ്ഥാനമായുള്ള നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി 07.03.2019ന് നഗരസഭ കരാർ ഉടമ്പടി വെച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ ഒരുടൺ പാഴ്‌വസ്തുവിന് 6500രൂപ നിരക്കിൽ ടി സ്ഥാപനം നീക്കം ചെയ്യുന്നതിനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്.

പ്രൊജക്ടിന്റെ വിശദാംശം

1. പ്രൊജക്ട് നമ്പർ- 193/20
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ
അടങ്കൽ തുക- 300000/- ( പൊതുവിഭാഗം - സാധാരണ വിഹിതം)
ചെലവ് - 262230/- ( ബിൽ നമ്പർ 02/18.07.19- 52446/-)
ബിൽ നമ്പർ 03/16.08.19-52446/-
ബിൽ നമ്പർ 04/1.11.19-157338/-
ആകെ 262230/-
2. പ്രൊജക്ട് നമ്പർ- 253/ 2021 (S.O)
അടങ്കൽ തുക- 367108/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് - 314676/-
ബിൽ നം. 08/13-11-20 - 52446/-
ബിൽ നം. 09/ 13-11-20 - 52446/-
ബിൽ നമ്പർ 10/- 13-11-20 52446/-
ബിൽ നമ്പർ 11/- 13-11-20 52446/-
ബിൽ നമ്പർ 12/- 13-11-20 52446/-
ബിൽ നമ്പർ 13/- 13-11-20 52446/-

ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കൺസൾട്ടേഷൻ ഫീ ഇനത്തിൽ ഷൊർണ്ണൂർ നഗരസഭ പ്രതിമാസം 52446രൂപ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നത്.

ഹരിതസഹായ സ്ഥാപനവുമായി ചമച്ച കരാർ ഉടമ്പടി ഒരു വർഷകാലാവധി പൂർത്തിയായ സാഹചര്യത്തിൽ 28.02.2020 ന് സ്ഥാപനവുമായുള്ള കരാർ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉടമ്പടി പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യു.

1. 15.07.2017-ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ പ്രകാരം നഗരസഭയും ഹരിത സഹായ സ്ഥാപനവും പ്രവർത്തിക്കേണ്ടതാണ്.

2. 09.02.2018-ലെ സ.ഉ(സാധാ)നം.407/2018/ത.സ്വ.ഭ.വ, 01.03.2019-ലെ സ.ഉ(സാധാ)നം.471/2019 /ത.സ്വ.ഭ.വ പ്രകാരം, സ്ഥാപനത്തിന് നിശ്ചയിക്കപ്പെട്ട പ്രതിമാസ തുക 52446 രൂപ നഗരസഭ സ്ഥാപനത്തിന് നൽകേണ്ടതാണ്.

3. നഗരസഭയുടെ ഭാഗത്തു നിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നിർ വഹിക്കേണ്ടതുണ്ട്.

3.1 ഹരിത കർമസേന രൂപീകരിക്കുക, പ്രവർത്തിപ്പിക്കുക.

3.2 വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനുള്ള കർമ പരിപാടി തയ്യാറാക്കുക.

3.3 DPR ന്റെ അടിസ്ഥാനത്തിൽ ഫീസ് നിരക്കുകൾ, ഇളവുകൾ എന്നിവ നിശ്ചയിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഹരിത കർമ സേനയ്ക്ക് വീടുകളിൽ നിന്നും ഫീസ് ഈടാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

3.4 ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുക.

3.5 എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുക, പ്രത്യേക ക്രമീകരണം ഉണ്ടാക്കുക.

3.6 വീടുകളോ സ്ഥാപനങ്ങളോ മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്ന പക്ഷം യഥാവിധി നടപടി സ്വീകരിക്കുക.

3.7 ഹരിത സഹായസ്ഥാപനം നൽകുന്ന ഹരിതകർമസേനയുടെ പ്രവർ ത്തനത്തെപ്പറ്റിയുള്ള റിപ്പോർട്ടിലെ പോരായ്മകൾ പരിഹരിക്കുക.

3.8 ചന്തകൾ, പൊതുസ്ഥലങ്ങൾ, പൊതു സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിലുണ്ടാകുന്ന ജൈവമാലിന്യത്തെ അളവനുസരിച്ച് ആവശ്യമായ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങളൊരുക്കുക

3.9 അജൈവമാലിന്യ സംഭരണ കേന്ദ്രവും വളവും ഇനോകുലവും അനുബന്ധ സാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലും ഹരിതകർമസേനക്ക് ഓഫീസ് സൗര്യവും ഒരുക്കുക.

3.10 വാഹനത്തിന്റെ ദൈനംദിച്ചെലവ്, വാടക അറ്റകുറ്റപ്പണിച്ചെലവ് എന്നിവ ഹരിക കർമസേന വഹിക്കണം എന്ന ഉപാധിയിൽ വാഹനങ്ങൾ ലഭ്യമാക്കുക.

3.11 അജൈവമാലിന്യങ്ങൾ പുന:ചക്രമണം ചെയ്യുന്നതിനു വേണ്ടി സാധ്യമായ ഇടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെടുക.

3.12 മാലിന്യ സംസ്കരണ സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ ഹരിതകർമ സേനയ്ക്ക് അനുബന്ധ സൗകര്യങ്ങളൊരുക്കിക്കൊടുക്കുക.

3.13 ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തുടർച്ചയായി തൃപ്തികരമല്ലെങ്കിൽ ഹരിത കേരളം മിഷനെ അറിയിക്കുകയും പ്രസ്തുത സ്ഥാപനത്തെ മാറ്റി മിഷൻ നിർദേശിക്കുന്ന സ്ഥാപനത്തെ നിയമിക്കുകയും ചെയ്യുക.

3.14 ഹരിതകർമ സേനയുടേയും ഹരിത സഹായ സ്ഥാപനത്തിന്റേയും പ്രവർ നങ്ങൾ വിലയരുത്താൻ സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിക്കുക.

3.15 ഹരിത കർമ സേനയും ഹരിത സഹായ സ്ഥാപനവും മാലിന്യ സംസ്കരണത്തിലോ പരാതി പരിഹരിക്കുന്നതിലോ വീഴ്ച വരുത്തുന്ന പക്ഷം പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ

സ്വീകരിക്കുക.

4. ഹരിത കർമ്മസേനയുടെ മേൽനോട്ടച്ചുമതല

ഹരിത കർമ സേനയ്ക്ക് ആവശ്യമായ പരിശീലനം നൽകുക, ഹരിതകേരളം മിഷന്റെ മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ച് വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിലും നേതൃത്വത്തിലും നടപ്പാക്കുക, ആവശ്യകതാ നിർണയ സർവേയിലൂടെ ലഭിക്കുന്ന വിവരങ്ങളും ലഭ്യമായ ദ്വിതീയ വിവരങ്ങളും ക്രോഡികരിച്ച് റിപ്പോർട്ടാക്കുകയും അത് തദ്ദേശ സ്ഥാപനങ്ങളിലെ ശിൽപശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിന് നേതൃത്വം വഹിക്കുകക, സ്ഥാപനത്തിന്റെ സമഗ്ര മാലിന്യ സംസ്കരണ വിശദാംശരേഖ തയ്യാറാക്കുക, ജൈവ മാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിത കർമ സേനയെ പരിശീലിപ്പിക്കുക, അജൈവ മാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി വിപണനം ചെയ്യുന്നതിന് ഹരിത കർമ സേനയെ പരിശീലിപ്പിക്കുക, ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മേണിറ്റർ ചെയ്യുക, ഹരിത കർമ സേനകളുടെ പ്രവർത്തനം വിലയിരുത്തുകയും ഇവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ഹരിത കേരളം മിഷൻ തീരുമാനിക്കുന്ന മാതൃകയിലും ഇടവേളകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വ മിഷനും ഹരിതകേരളം മിഷനും നൽകുക, ഹരിത കർമ സേനയ്ക്ക് സാങ്കേതിക സഹായം നൽകുക,

ഹരിത കർമ സേനയുടെ വരുമാനം വിലയിരുത്തി സാമ്പത്തിക സ്ഥിരത വരുത്തുന്നതിന് അനുയോജ്യമായ അധിക വരുമാന പ്രവർത്തനങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയും പ്രസ്തുത തൊഴിലുകൾ ചെയ്യുന്നതിനുള്ള നൈപുണ്യം ഹരിത കർമസേനക്ക് ഉണ്ടാക്കുകയും ചെയ്യുക, ഹരിത സഹായ സ്ഥാപനത്തിലെ വിദഗ്ധർ കരാറിൽ വ്യവസ്ഥ ചെയ്യുന്ന ദിവസങ്ങൾ അതത് തദ്ദേശസ്ഥാപനത്തിൽ നേരിട്ടെത്തി ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട ഇതര പ്രവർത്തനങ്ങളും വിലയിരുത്തി ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാവശ്യമായനടപടികൾ സ്വീകരിക്കുക, ഹരിത കർമസേനയ്ക്ക് പരിശീലനം, നൈപുണ്യ വികസന പരിശീലനം, ഹരിത കർമസേനയുടെ നേതൃത്വത്തിൽ നടത്തുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ്, സ്ലെറി എന്നിവ ഉപയോഗിച്ച് കൃഷി വ്യപിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുകയും പ്രവർ ത്തനങ്ങളുടെ നടത്തിപ്പിന് സഹായം നൽകുകയും ചെയ്യുക, അജൈവമാലിന്യം MCF MRF കളിൽ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ, പിന്തുണ എന്നിവ തദ്ദേശ സ്ഥാപനം, ഹരിത കർമ സേന എന്നിവയ്ക്ക് നൽകുക.

2019-2020, 2020-21വർഷങ്ങലിൾ ഹരിത സഹായ സ്ഥാപനത്തിന് ആകെ 576906രൂപ നൽകിയിട്ടുണ്ടെങ്കിലും ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ ചുമതലപ്പെടുത്തപ്പെട്ട ഉത്തരവാദിത്വങ്ങളൊന്നും തന്നെ ടി സ്ഥാപനം നിർവഹിച്ചതായി കാണുന്നില്ല. ഓരോ മാസവും ക്ലയിം ബില്ലിനൊപ്പം സമർപ്പിക്കപ്പെട്ട പ്രതിമാസ അവലോകന റിപ്പോർട്ടിൽ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മൊത്തത്തിൽ അവലോകനം ചെയ്യുക മാത്രമാണ് പ്രസ്തുത സ്ഥാപനം ചെയ്തിട്ടുള്ളത്.

ഉടമ്പടി പ്രകാരം സഹായ സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയ പ്രവർത്തനത്തിൽ വീഴ്ച വരുത്തിയതിനാൽ 2020-21-ൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചതായി കാണുന്നു. എന്നാൽ പ്രതിമാസം 52446 രൂപ വീതം കൈപ്പറ്റിയ സ്ഥാപനം ചുമതലപ്പെടുത്തപ്പെട്ട പ്രധാന ഉത്തരവാദിത്വങ്ങളൊന്നും നിർവഹിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 02/20.07.2022) നഗരസഭ താഴെ പറയും വിധം മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഷൊർണ്ണൂർ നഗരസഭ നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി ഹരിതസഹായ സ്ഥാപനമെന്ന നിലയിൽ കരാർ ഒപ്പു വെച്ചിട്ടുണ്ടായിരുന്നു. എന്നാൽ ടി സ്ഥാപനം എഗ്രിമെന്റ്

പ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ ചെയ്യാത്തതിനാൽ നഗരസഭാ കൗൺസിൽ ടി സ്ഥാപനത്തിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. ടി സ്ഥാപനത്തെ കരിമ്പട്ടികയിലുൾപ്പെടുത്താൻ സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്.

മാലിന്യ സംസ്കരണ പ്രശ്നത്തിൽ ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാര നടപടികളുടെ ഭാഗമായി നഗരസഭയെ സഹായിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി നിയോഗിക്കപ്പെട്ട സ്ഥാപനത്തിന്റെ നിരുത്തരവാദ പരമായ സമീപനം കാരണം നഗരസഭ ഈയിനത്തിൽ ചെലവഴിച്ച 576906 രൂപ നിഷ്ഫലമായതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രത്യേക വൈദഗ്ധ്യം ആവശ്യപ്പെടുന്ന മേഖലകളിൽ നിയമിക്കപ്പെടുന്ന സ്ഥാപനങ്ങൾ ചുമതലപ്പെടുത്തപ്പെട്ട കർത്തവ്യങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നിർവഹിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
സ്ഥാപനത്തിനെതിരെയുള്ള തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നൽകൽ- ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിച്ചു

പ്രൊജക്റ്റ്. 186/20, 328/21-ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

അടങ്കൽ - 1584238 (CFC-468558 + കേന്ദ്രാവിഷ്കൃതം - 571725 + സംസ്ഥാനാവിഷ്കൃതം - 380606 + ഗുണഭോക്തൃ വിഹിതം - 163349)

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

2019-20 വർഷത്തിൽ ആവിഷ്കരിച്ച് 2020-21 വർഷത്തിൽ പൂർത്തീകരിച്ച ഗാർഹിക ബയോഗ്യാസ് പ്ലാന്റ് അനുവദിച്ചതിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ അനുവദനീയമായതിലും അധികം സബ്സിഡി അനുവദിച്ചതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശുചിത്വമിഷന്റെ നടപടിക്രമം നം. SBM(U)-PLKD/SNR/2/2019-20 തിയതി 23-12-2019 പ്രകാരം നിശ്ചയിച്ചു നൽകിയ യൂണിറ്റ് കോസ്റ്റ് 13500 രൂപയാണ്. RAIDCO എന്ന സ്ഥാപനവുമായി 20-2-2020 ൽ ഒപ്പു വെച്ച എഗ്രിമെന്റ് പ്രകാരം 1 $M^3$ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിരക്ക് 12950 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

CFC ഫണ്ട് 31.7%, ശുചിത്വമിഷൻ വിഹിതം 23.3%, കേന്ദ്ര വിഹിതം 35%, ഗുണഭോക്തൃ വിഹിതം 10% എന്നിങ്ങനെയാണ് വിഭവ സ്രോതസ്സുകൾ നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം 70 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ നൽകിയ വകയിൽ ചെലവഴിച്ച CFC ഫണ്ട് 287362 രൂപയും ശുചിത്വ മിഷൻ വിഹിതം 211213 രൂപയും കേന്ദ്ര വിഹിതം 317275 രൂപയും ഗുണഭോക്തൃ വിഹിതം 90650 രൂപയും ഉൾപ്പെടെ ആകെ 906500 രൂപ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.
യൂണിറ്റ് നിരക്ക് 12950 രൂപയാണ് നിശ്ചയിച്ചിരുന്നത്.

സബ്സിഡി അധികം അനുവദിച്ചതിന്റെ വിവരം

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖ.6.8(1)(ബി) പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി, യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ, ഇതിൽ ഏതാണോ കുറവ് അത സബ്സിഡിയായി അനുവദിക്കാവുന്നതാണ്. 90% തുക വിവിധ ഫണ്ടുകളിൽ നിന്നും 10% ഗുണഭോക്തൃ വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. സ.ഉ(സാധാ)നം.3281/2018/തസ്വഭവ തിയതി 31-12-2018 പ്രകാരം 7200 രൂപയിൽ അധികരിച്ചു വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പ്രോജക്റ്റ് പ്രകാരം സബ്സിഡി തുക 7200 രൂപയിൽ പരിമിതപ്പെടുത്താതെയാണ് RAIDCO യ്ക്ക്

ബയോഗ്യാസ് പ്ലാന്റ് ഒന്നിന് സബ്സിഡി തുക 11655 രൂപ വീതം അനുവദിച്ചിട്ടുള്ളത്.

അനുവദിച്ച സബ്സിഡി (ഗുണഭോക്തൃ വിഹിതം ഒഴികെ) - 70x11655 = 815850 രൂപ

അനുവദിക്കാവുന്നത് - 70x7200 = 504000 രൂപ

അധികം അനുവദിച്ച തുക – 311850 രൂപ

അധികം അനുവദിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.
(ഖണ്ഡിക 3-1 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്)

1-32 മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

വിവിധ കുടുംബക്ഷേമ കേന്ദ്രങ്ങൾ-മെയിന്റനൻസ്, അംഗൻവാടി അറ്റകുറ്റപണി എന്നീ പ്രവൃത്തികളിൽ അളവു പുസ്തകം പ്രകാരം വിവിധ സാധനങ്ങൾ പൊളിച്ച് മാറ്റിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

വിശദ വിവരം തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-32-1 വിവിധ കുടുംബക്ഷേമ കേന്ദ്രങ്ങൾ -മെയിന്റനൻസ് -അളവു പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയില്ല

പ്രൊജക്റ്റ് നം. - 470/21 – വിവിധ കുടുംബക്ഷേമ കേന്ദ്രങ്ങൾ -മെയിന്റനൻസ്
അടങ്കൽ - ₹500000/- MG(NR)
ചെലവ് - ₹330506 (ബിൽനം./തീയതി- 181/9.3.21)
അളവുപുസ്തകം- 927/19-20, 941/19-20
കരാറുകാരൻ- ശ്രീ.സുബ്രഹ്മണ്യൻ.സി.
എഗ്രിമെന്റ് നം. -58/26.20.2019

വിവിധ കുടുംബക്ഷേമ കേന്ദ്രങ്ങൾ-മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം 1/1, 2/1 എന്നിവയനുസരിച്ച് താഴെ പറയുന്ന സാധനങ്ങൾ പൊളിച്ച് മാറ്റിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗം സംബന്ധിച്ചുള്ള വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|---|
| 1 | 1/1 | Paruthipra Subcentre<br>15.12.1 -Dismantling Doors, Windows Etc. And Stacking Serviceable Materials | Doors -2 No. |
| 2 | 2/1 | Kulacherikulam Subcentre<br>15.12.1 – Dismantling Doors, Windows Etc. And Stacking Serviceable Materials Etc. | Doors- 3 No. |

പ്രവൃത്തിക്കിടയിൽ പൊളിച്ച് മാറ്റുന്ന സാധന സാമഗ്രികൾ ഉപയോഗ യോഗ്യമായത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുന്നതിന് മുനിസിപ്പാലിറ്റിയിലേക്ക് രേഖാമൂലം കൈമാറേണ്ടതും ഉപയോഗ യോഗ്യമല്ലാത്തവ സംബന്ധിച്ച വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം നം. 8/22-7-22 നുള്ള മറുപടിയിൽ വാതിലുകൾ ഇളക്കിമാറ്റി കുടുംബക്ഷേമ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അവ ഉപയോഗ ശൂന്യമാണെന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്.
കയ്യൊഴിക്കുവാൻ സാധിക്കുന്ന സാധനങ്ങൾ കയ്യൊഴിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
അളവു പുസ്തകം തയ്യാറാക്കുമ്പോൾ കുറേക്കൂടി ജാഗ്രത പാലിക്കേണ്ടതാണ്.

1-32-2 അംഗൻവാടി അറ്റകുറ്റപണി -തുടർ നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. - 198/19 – അംഗൻവാടി അറ്റകുറ്റപണി
അടങ്കൽ - ₹1000000/- MG (NR)
ചെലവ് - ₹902150 (ബിൽനം./തീയതി- 84/20.5.2020)
അളവുപുസ്തകം- 630, 738, 737, 736//19-20
കരാറുകാരൻ- ശ്രീ. എം.ആർ.രവിചന്ദ്രൻ
എഗ്രിമെന്റ് നം. -2/1.8.2019

അംഗൻവാടി അറ്റകുറ്റപണി-എന്ന പ്രവൃത്തിയിൽ 6 അംഗൻവാടികളുടെ അറ്റകുറ്റപണികൾ നിർവ്വഹിച്ചിട്ടുണ്ട്. ഫൈനൽ ബിൽ, അളവുപുസ്തകത്തിലെ ഇനം 1/7, 1/8, 1/9, 2/1. 5/4 എന്നിവയനുസരിച്ച് താഴെ പറയുന്ന സാധനങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|---|
| 1 | 1/7 | Kumbarakatti Anganvadi<br>15.9.2 -Demolishing Stone Rubble Masonry Etc. And Stacking Serviceable Material Etc. | 1.07$m^3$ |
| 2 | 1/8 | Kumbarakatti Anganvadi<br>15.7.4 -Demolishing Brick Work Etc. And Stacking Serviceable Materials Etc. | 0.34$m^3$ |
| 3 | 1/9 | Kumbarakatti Anganvadi<br>15.12.1 -Dismantling Doors, Windows Etc. And Stacking Serviceable Materials15.12.1 -Dismantling Doors, Windows Etc. And Stacking Serviceable Materials | Door -1 No. |
| 4 | 2/1 | Kuruvakattuchola Anganvadi<br>15.12.1 -Dismantling Doors, Windows Etc. And Stacking Serviceable Materials | Door-5<br>Windows -4 |
| 5 | 5/4 | Manjakkad Anganvadi<br>15.7.4 -Demolishing Brick Work Etc. And Stacking Serviceable Materials Etc. | 0.18m3 |

പ്രവൃത്തിക്കിടയിൽ പൊളിച്ചുമാറ്റുന്ന സാധന സാമഗ്രികൾ ഉപയോഗ യോഗ്യമായത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് മുനിസിപ്പൽഫണ്ടിൽ മുതൽ കൂട്ടുന്നതിന് മുനിസിപ്പാലിറ്റിയിലേക്ക് രേഖാമൂലം കൈമാറേണ്ടതും ഉപയോഗ യോഗ്യമല്ലാത്തവ സംബന്ധിച്ച വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 8(2)/22-7-22 നുള്ള മറുപടിയിൽ മരത്തിന്റെ വാതിലുകളും ഇഷ്ടികകളും ഉപയോഗശൂന്യമായതാണെന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം. 1 ൽ സൂചിപ്പിച്ച പ്രവൃത്തിയിൽ 0.43$m^3$ (1.07x40%) കരിങ്കല്ല് ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ വില ഈടാക്കി നഗരസഭയിൽ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കരിങ്കല്ലിന്റെ വില ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണ്.

1-33 എസ്റ്റിമേറ്റിൽ സമഗ്രമായി മാറ്റം വരുത്തിയിട്ടും റീ-ടെണ്ടർ ചെയ്തിട്ടില്ല

പ്രൊജക്ട് നം. 405/19 -ഗണേശഗിരി ഹയർ സെക്കന്ററി സ്കൂൾ സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ
അടങ്കൽ - ₹1000000 -MG(NR)
ചെലവ് - ₹519569 (ട്രഷറി ബിൽ നം. 95/7.8.2020)
എഗ്രിമെന്റ് നം. -104/5.3.2019

എം.ബി. നം. 732/19-20

കരാറുകാരൻ -ശ്രീ.സുബ്രഹ്മണ്യൻ.പി.

ഗണേശഗിരി ഹൈസ്കൂളിൽ ലാബ് കൺസ്ട്രക്ഷനവേണ്ടിയാണ് തുക വകയിരുത്തി യിരുന്നത്. PWD പുതിയ കെട്ടിടം നിർമ്മിച്ചതിൽ ലാബ് കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ലാബ് നിർമ്മാണം ആവശ്യമില്ല എന്ന് സ്കൂൾ അധികൃതർ അറിയിച്ചതിനാൽ മേൽ ഇനങ്ങൾ ഒഴിവാക്കി ഹയർ സെക്കന്ററി സ്കൂൾ ബിൽഡിംഗിന് മുൻവശത്തുള്ള ഭാഗത്ത് ചെരിഞ്ഞ് കിടക്കുന്ന മണ്ണ് നീക്കം ചെയ്ത് അവിടെ ഒരു ഗാലറി നിർമ്മിക്കുന്നതിനും സ്റ്റെപ്പ്, റാംപ് എന്നിവ നിർമ്മിക്കുന്നതിനും പി.എ.സി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്യ കൗൺസിൽ തീരുമാനം 29.5.2020/(5). പ്രവൃത്തി ഭാഗികമായി നടപ്പിലാക്കി കരാറുകാരന് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തി ചെയ്യാൻ അവിടെ സാഹചര്യം ഇല്ലാത്തതിനാൽ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആയും ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിലവിലില്ലാത്തതിനാൽ കരാറുകാരന് റീടെൻഷൻ തുക തിരികെ നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 7/22.7.2022 നുള്ള മറുപടിയിൽ പുതിയ കെട്ടിടം നിർമ്മിച്ചതിനാൽ പുതിയ ലാബ് ആവശ്യമില്ല എന്നതിനാലാണ് കൗണ്ർസിലിന്റെ തിരുമാനപ്രകാരം ലാബ് നിർമ്മാണം ഒഴിവാക്കി സൈഡ് പ്രൊട്ടക്ഷൻ മാത്രം ഒരു ഗാലറിയുടെ സൗകര്യത്തോടെ ചെയ്യേണ്ടി വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മിതികൾ നല്ല നിലയിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ സ്വഭാവത്തിൽ മാറ്റം വരുന്ന പക്ഷം പദ്ധതി മാർഗ്ഗരേഖയും PWD മാന്വലും അനിസരിച്ച് മാത്രം പ്രവൃത്തി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

2021 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 176/19 -മരപ്പാലം മുതൽ മുണ്ടായ അയ്യപ്പൻകാവ് റീടാറിംഗ് റീച്ച് 1 വാർഡ് 21 മുതൽ 25 വരെ<br>അടങ്കൽ - 350060-MG(R)<br>APAC- 1322207.06<br>കരാറുകാരൻ - | 7-1-19 | 20-1-19 | 23-2-19 | 1330/- |

| | | | | | |
|---|---|---|---|---|---|
| | ശ്രീ.കെ.കെ.അഷറഫ്<br>എഗ്രിമെന്റ് നം.:90/23.2.2019<br>ഭരണ സമിതി തീരുമാനം :20-12-2018(2) | | | | |
| 2 | 55/19 -ഇട്ടിയംകുണ്ടത്ത് രാജൻപടി റോഡ് റീടാറിംഗ്, താഴത്തേതിൽ റോഡ് റീടാറിംഗ്<br>അടങ്കൽ - 360000-MG(R)<br>APAC- 355293.58<br>കരാറുകാരൻ - ശ്രീ.കെ.അഷറഫ്<br>എഗ്രിമെന്റ് നം.:92/23.2.2019<br>ഭരണ സമിതി തീരുമാനം :20-12-2018 (2) | 7-1-19 | 20-1-19 | 23-2-19 | 3560/- |
| ആകെ ഈടാക്കേണ്ട പിഴ | | | | | 4890/- |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/22-7-2022 നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി കൂടി പരിഗണിച്ചതിനുശേഷമുള്ള മേൽ പട്ടികയിലെ തുക ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലിന്റെ വില കുറവ് ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 288/21-നീലമലക്കുന്നിൽ നിന്നും കൊണ്ടോത്ത് പടി വരെ റീടാറിംഗ് എന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ബാരലിന്റെ വിലയായ ₹1666 ഉം GST ₹301 യും കൂടി ആകെ ₹1967 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-36 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000/- രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ നൽകുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയറുടെ ശുപാർശ എന്നിവ ഫയലിൽ

സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴയുടേയും ഈടാക്കിയ പിഴയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവ്യത്തിയുടെ വിവരം | പ്രവ്യത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 439/21-ഐ.പി.ടി സൈഡ് റോഡ് സെക്കന്റ് റീച്ച് മെറ്റലിംഗ് - ടാറിംഗ്<br>അടങ്കൽ - 700000 (MG-R)<br>PAC- 652810<br>കരാറുകാരൻ - ശ്രീ.കെ.കെ.അഷറഫ്<br>എഗ്രിമെന്റ് -84/ 13-2-2019<br>അളവു പുസ്തകം - 929/19-20<br>ചെലവ് - 448801<br>ബിൽ നം.129/19-1-2021 | 12-5-19 | 20-5-20 | 0 | 19584/-<br>(3%) | 19584/- |
| 2 | 437/21-അലി ഷോപ്പ് മുതൽ ഹംസ ഷോപ്പ് വരെ റീടാറിംഗ്<br>അടങ്കൽ - 200000 (MG-R)<br>PAC- 197244<br>കരാറുകാരൻ - ശ്രീ.കെ.കെ.അഷറഫ്<br>എഗ്രിമെന്റ് - 83/ 13-2-2019<br>അളവു പുസ്തകം - 906/20-21<br>ചെലവ് - 118275<br>ബിൽ നം.128/19-1-2021 | 12-5-19 | 20-5-20 | 0 | 5917/-<br>(3%) | 5917/- |

ആകെ – 25501/- രൂപ.

ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 28/27-7-2022 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

1-37 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 506/21- പൊതു ടോയ്‌ലറ്റ് -ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ -മുനിസിപ്പൽ എഞ്ചിനിയർ

അടങ്കൽ - ₹ 5268329 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ തിയതി 20-2-2020, സ.ഉ(കൈ)നം.45/2020/ ത.സ്വ.ഭ.വ തിയതി 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും' പദ്ധതിയിലുൾപ്പെടുത്തി പൊതു

ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമ കേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങൾ, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സ.ഉ(സാധാ)നം. 1401/2020/തസ്വഭവ തിയതി 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ മുനിസിപ്പാലിറ്റിയിലും ഉയർന്ന നിലവാരമുള്ള അഞ്ച് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക(മുനിസിപ്പൽ ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ നാലും), സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീഷോപ്പ്/ റിഫ്രെഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ് എന്നതാണ് പദ്ധതിയുടെ സമഗ്ര ലക്ഷ്യം. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചി മുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീ കരിക്കുക എന്നതിനാണ് പ്രഥമ പരിഗണന. നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ പൊതുശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം ശുചിമുറികൾ പുതുക്കി പണിയേണ്ട പദ്ധതികൾ 2020 ഒക്ടോബർ 2-നു മുമ്പും പുതിയ നിർമ്മാണം ഏറ്റെടുക്കുന്നിടത്തെല്ലാം 2020 ഡിസംബർ 31-നകവും പൂർത്തിയാക്കേണ്ടതാണ്. നഗരസഭ ഏറ്റെടുത്ത പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലായിട്ടില്ല.

ശുചിമുറി സമുച്ചയങ്ങളുടെ തലം (അടിസ്ഥാന തലം, സ്റ്റാന്റേർഡ് തലം, മീഡിയം തലം), അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിശ്ചയിച്ചതിന്റെ വിവരം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/ പരിപാലന ചുമതല നൽകേണ്ടത്.

പദ്ധതി നടപ്പിലാവാതിരു ന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.9/22.7.22-ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

